പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 14.07.2008-ൽ

ചോദ്യം നം. 421 മറുപടിക്ക്

ഡി.പി.ടി, ഡി.ടി. പ്രതിരോധ വാക്സിനുകളുടെ ക്ഷാമം പരിഹരിക്കാൻ നടപടി

ചോദ്യം

ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. പി. കൃഷ്ണപ്രസാദ് :

ശ്രീ. എം. എം. മോനായി:

ശ്രീ. എ.സി.മൊയ്തീൻ:

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ:

മറുപടി

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ

(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) കുഞ്ഞുങ്ങൾക്കുള്ള ഡി.പി.ടി, ഡി.ടി. പ്രതിരോധ വാക്സിനുകൾക്ക് സർക്കാർ ആശുപത്രികളിൽ ക്ഷാമം നേരിട്ടിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എങ്കിൽ ഇതു പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ റീജിയണൽ വാക്സിൻ സ്റ്റോറുകളിൽ വാക്സിൻ ദൗർലഭ്യം നേരിട്ടപ്പോൾത്തന്നെ ആരോഗ്യ വകുപ്പു ഡയറക്ടറും സംസ്ഥാന സർക്കാരും പ്രസ്തുത വിവരം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും വാക്സിനുകൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. എങ്കിലും ഇപ്പോൾ കേരളത്തിൽ ഡി.പി.റ്റി , ഡി.റ്റി വാക്സിനുകൾക്ക് ദൗർലഭ്യം നേരിടുന്നുണ്ട്. |
| (സി) സംസ്ഥാനത്തിന് ആവശ്യമുള്ള പ്രതിരോധ വാക്സിൻ വിതരണം ചെയ്യുന്നത് ആരാണ്; | (സി). സംസ്ഥാനത്തിന് ആവശ്യമുള്ള പ്രതിരോധ വാക്സിൻ വിതരണം ചെയ്യുന്നത് കേന്ദ്ര സർക്കാർ ആണ്. |
| (ഡി) പ്രതിരോധ വാക്സിനുകളുടെ വിതരണത്തിൽ എന്തുമാത്രം കുറവാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്; മറ്റ് ഏജൻസികളിൽ നിന്നും വാക്സിനുകൾ വാങ്ങുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി)പ്രതിവർഷം 32 ലക്ഷം ഡി.പി.റ്റി വാക്സിനും 7.5 ലക്ഷം ഡി.റ്റി വാക്സിനും ആണ് കേരളത്തിന് ആവശ്യമായിട്ടുള്ളത്. എന്നാൽ കേന്ദ്ര സർക്കാർ 2007-08 സാമ്പത്തിക വർഷത്തിൽ 11.5 ലക്ഷം ഡോസ് ഡി.പി.റ്റി വാക്സിനും 6 ലക്ഷം ഡോസ് ഡി.റ്റി വാക്സിനും മാത്രമാണ് വിതരണം ചെയ്തത്. മറ്റ് ഏജൻസികളിൽ നിന്നും വാക്സിനുകൾ വാങ്ങുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. |

സെക്ഷൻഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.422 | 14.7.2008ൽ മറുപടിയ്ക്ക് |

## അനാഥാലയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി:<br>ശ്രീ.വി.എൻ.വാസവൻ:<br>ശ്രീ.ബി.ഡി.ദേവസ്സി:<br>ശ്രീ.മഞ്ഞളാംകുഴി അലി:<br>ശ്രീ.ജോർജ്.എം.തോമസ്: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്നു അനാഥാലയങ്ങളുടെ നടത്തിപ്പിനെക്കുറിച്ച് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് അംഗീകാരമുള്ള അനാഥാലയങ്ങൾ സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. അവയുടെ നടത്തിപ്പിനെ കുറിച്ച് കാര്യമായ പരാതികൾ ലഭിച്ചിട്ടില്ല. സംസ്ഥാനത്ത് അംഗീകാരമുള്ള അനാഥാലയങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നത് ഓർഫനേജ് കൺട്രോൾ ബോർഡാണ്. എന്നാൽ എറണാകുളം ജില്ലയിലെ ആലുവയിൽ പ്രവർത്തിക്കുന്ന ജനസേവ ശിശുഭവൻ എന്ന അനാഥാലയത്തെക്കുറിച്ച് ഒരു പരാതി കൊച്ചി കച്ചേരിപ്പടിയിൽ പ്രവർത്തിക്കുന്ന പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് എന്ന സംഘടന നൽകിയിട്ടുണ്ട്.<br>എറണാകുളത്തെ ചൈൽഡ് വെൽഫയർ കമ്മിറ്റിയും, മേഖലാ അസിസ്റ്റന്റ് ഡയറക്ടർ, ഓർഫനേജ് കൺട്രോൾ ബോർഡ് എന്നിവർ മുഖാന്തിരം പരാതിയിന്മേൽ അന്വേഷണം നടത്താൻ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സ്വകാര്യ അനാഥാലയങ്ങളുടെ നടത്തിപ്പിൽ സർക്കാരിനുള്ള നിയന്ത്രണം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | അനാഥാലയങ്ങൾക്ക് അംഗീകാരം നൽകുന്നതും നിയന്ത്രിക്കുന്നതും ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ്സ് & അദർ ചാരിറ്റബിൾ ഹോംസ് കേരളയാണ്. അംഗീകാരം ലഭിക്കുന്നതിനായി സംഘടന നിശ്ചിത ഫാറത്തിൽ(ഫാറം എ) അപേക്ഷ ബോർഡിന് നൽകണം. ബോർഡ് അംഗം സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്തിയതിന് ശേഷമാണ് അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നത്. അംഗീകാരം ലഭിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ പരിശോധിക്കും.<br><br>1. സംഘടനയ്ക്ക് അന്തേവാസികളെ പാർപ്പിക്കാൻ സ്വന്തമായ കെട്ടിടം വേണം. |

ഒരു അന്തേവാസിക്ക് കിടക്കാൻ 40 ചതുരശ്രഅടി വിസ്തീർണ്ണം എന്ന കണക്കിൽ കുറഞ്ഞത് 25 പേരെ പാർപ്പിക്കാനുള്ള സൗകര്യം കെട്ടിടത്തിൽ ഉണ്ടായിരിക്കണം.

3. കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പ്രദേശത്ത് 5 കിലോ മീറ്ററിനുള്ളിലും പഞ്ചായത്തിൽ 10 കിലോമീറ്ററിനുള്ളിലും സമാനസ്വഭാവമുള്ള അനാഥാലയമുണ്ടെങ്കിൽ മറ്റൊരു സ്ഥാപനത്തിന് അംഗീകാരം നൽകുകയില്ല.
4. സ്ഥാപന മേധാവികൾ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കണം.

അഡ്മിഷൻ രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ, വിസിറ്റേഴ്സ് ബുക്ക്, പരിശോധനാ ബുക്ക്, മിനിറ്റ്സ് ബുക്ക്, ക്യാഷ് ബുക്ക്, പരാതിബുക്ക്, ഓഫീസ് ഓഡർ ബുക്ക്, ജീവനക്കാരുടെ വിവരം, ഭക്ഷണസാധനങ്ങളെ സംബന്ധിച്ച് രജിസ്റ്റർ, ഡസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റ് തുടങ്ങിയവ. അഗതികളായ കുട്ടികളെ പാർപ്പിക്കുകയാണെങ്കിൽ രക്ഷാകർത്താക്കൾക്ക് വാർഷിക വരുമാനം 11000 രൂപയിൽ താഴെയായിരിക്കണം.

4 വർഷത്തേയ്ക്കാണ് അംഗീകാരം നൽകുന്നത്. നാല് വർഷത്തിന് ശേഷം അംഗീകാരം പുതുക്കണം. അംഗീകാരമുള്ള സ്ഥാപനങ്ങളെക്കുറിച്ച് പരാതി ലഭിക്കുകയാണെങ്കിൽ അതിന്മേൽ അന്വേഷണം നടത്തി പരാതി സത്യമാണെന്ന് തെളിഞ്ഞാൽ നൽകിയ അംഗീകാരം റദ്ദാക്കുന്നതാണ്. അംഗീകാരമുള്ള സ്ഥാപനത്തിന്റെ അംഗീകാരം റദ്ദാക്കുകയാണെങ്കിൽ ആ വിവരം ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, ജില്ലാ ലോക്കൽ ഫണ്ട് ഓഫീസർ എന്നിവരെ അറിയിക്കും. ഗ്രാൻറ് ലഭിക്കുന്ന സ്ഥാപനമാണെങ്കിൽ ഗ്രാൻറ് നിർത്തലാക്കും. അനധികൃതമായി അനാഥാലയങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ സെക്ഷൻ 24, 25 പ്രകാരം ജില്ലാ കളക്ടർ നടപടി സ്വീകരിക്കും. അംഗീകാരമുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനവും നടത്തിപ്പും നിരീക്ഷിക്കുന്നതിനും അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും ജില്ലാതല മോണിറ്ററിംഗ് സെൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | സംസ്ഥാനത്ത് എത്ര അനാഥാലയങ്ങൾ ഉള്ളതായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; ഇവയിലെല്ലാം കൂടി എത്ര അന്തേവാസികൾ ഉണ്ട്; | | (സി) യും (ഡി) യും<br><br>1412 സ്ഥാപനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകി സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | സർക്കാരിൻെറ നിയന്ത്രണത്തിൽ എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്; | | അനാഥാലയങ്ങൾ - 956<br>വൃദ്ധസദനം - 302<br>AIDS ബാധിതരെ സംരക്ഷിക്കൽ - 2<br>മറ്റുള്ളവ(വികലാംഗ സദനം, ബഗർ ഹോം, സ്ത്രീകളുടെ ഭവനം തുടങ്ങിയവ) - 152<br>ഇവയിലെല്ലാം കൂടി 70120 അന്തേവാസികളെ പാർപ്പിക്കാൻ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. സർക്കാരിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ അനാഥാലയങ്ങൾ ഇല്ല. |
| (ഇ) | അനാഥാലയങ്ങളിൽ നിന്ന് കുട്ടികളെ ദത്തെടുക്കുന്നതിന് നേരിടുന്ന പ്രായോഗിക വൈഷമ്യങ്ങൾ സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഇ) | അനാഥാലയങ്ങളിൽ അഗതികളായിട്ടുള്ളതും അനാഥരായിട്ടുള്ള കുട്ടികളെയുമാണ് സംരക്ഷിക്കുന്നത്. 6 വയസ്സിനു മുകളിലുള്ളവരെയാണ് അനാഥാലയങ്ങളിൽ പാർപ്പിക്കുന്നത്. ദത്തെടുക്കൽ പ്രക്രിയ ജുവനൈൽ ജസ്റ്റിസ് ആക്ട്, ജെ.ജെ.റൂൾ, സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് നടക്കുന്നത്. 6 വയസ്സിനു മുകളിലുള്ള അനാഥാലയങ്ങളിലെ കുട്ടികളെ ദത്തെടുക്കലിനു വിധേയമാക്കണമെങ്കിൽ സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം സർക്കാരിൽ നിന്നും പ്രത്യേക അനുമതി വേണം. കുട്ടികളെ ദത്തെടുക്കലിനു അംഗീകാരമുള്ള സ്ഥാപനത്തിലേക്ക് മാറ്റി അവിടെ നിന്നും മാത്രമേ ദത്തെടുക്കലിന് കഴിയൂ. അനാഥാലയങ്ങളിൽ കഴിയുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി "സനാഥബാല്യം" എന്ന പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു. അനാഥാലയങ്ങളിലെ കുട്ടികളെ കുടുംബാന്തരീക്ഷത്തിൽ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് സനാഥബാല്യം. ഈ പദ്ധതി പ്രകാരം അനാഥാലയങ്ങളിൽ കഴിയുന്ന ദത്തെടുക്കലിന് നൽകാൻ സാധിക്കുന്ന കുട്ടികളെ ബന്ധപ്പെട്ട ചൈൽഡ് വെൽഫയർ കമ്മറ്റി മുഖേന ചൈൽഡ് ഫ്രീ ഫോർ അഡോപ്ഷൻ ആക്കുന്നതിനും തുടർന്ന് അനുയോജ്യരായ ദമ്പതികളെ ലഭിക്കുന്ന മുറക്കു അംഗീകൃത പ്ലെയ്സ്മെൻറ് ഏജൻസി വഴി അഡോപ്ഷനു നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 423

14.7.2008-ൽ മറുപടിക്ക്

## <u>ദിനേശ് ബീഡി വ്യവസായ പുനരുദ്ധാരണവും വൈവിദ്ധ്യവൽക്കരണവും</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ.കെ.പി. പത്മനാഭൻ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| എ) ദിനേശ് ബീഡി വ്യവസായ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണ പദ്ധതികൾ നടപ്പാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | എ) ദിനേശ് ബീഡി പുനരുദ്ധാരണത്തിനു വേണ്ടി ദിനേശ് ഫുഡ്സ്, ദിനേശ് അംബ്രല്ല, ദിനേശ് ഇൻഫർമേഷൻ ടെക്നോളജി സിസ്റ്റംസ് എന്നീ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2006 വർഷത്തെ ബഡ്ജറ്റിൽ സർക്കാരിൽ നിന്നും ബീഡി വ്യവസായത്തിന്റെ പ്രതിസന്ധിയ്ക്ക് പരിഹാരമായി തൊഴിലാളികളുടെ ആശ്രിതർക്ക് ജോലി ലഭ്യമാക്കുന്നതിനു വേണ്ടി 4 കോടി രൂപ അനുവദിക്കുകയും ദിനേശ് ഗാർമെന്റ്സിന്റെ ഒരു യൂണിറ്റ് കണ്ണൂരിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ഗാർമെന്റ് യൂണിറ്റിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | ബി) കണ്ണൂരിൽ ദിനേശ് ഗാർമെന്റ്സിന്റെ രണ്ടാമത്തെ യൂണിറ്റും കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗിൽ മൂന്നാമത്തെ യൂണിറ്റും ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| സി) ഗാർമെന്റ് യൂണിറ്റിൽ ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നു; | സി) ഗാർമെന്റ് യൂണിറ്റിൽ ആകെ 129 പേർ ജോലി ചെയ്യുന്നു. |
| ഡി) നിലവിലുള്ള ദിനേശ് ബീഡി വ്യവസായ തൊഴിലാളികൾക്ക് എല്ലാ ദിവസവും ജോലി നൽകാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഡി) ദിനേശ് ബീഡി തൊഴിലാളികൾക്ക് ആഴ്ചയിൽ 5 ദിവസം ജോലി നൽകി വരുന്നു. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 424 14-07-2008 ൽ മറുപടിയ്ക്ക്

ചേർത്തലയിൽ കോച്ച് കംപോണന്റ് ഫാക്ടറി

ചോദ്യം:
ശ്രീമതി.കെ.എസ്.സലീഖ :
ശ്രീ.എ.എം.ആരിഫ് :
ശ്രീ.എം.ചന്ദ്രൻ :
ശ്രീ.സി.കെ.സദാശിവൻ :
ശ്രീ.എം.ഹംസ :

ഉത്തരം
ശ്രീ. എം.വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ). സംസ്ഥാന സർക്കാരും റെയിൽവേയും സംയുക്തമായി ചേർത്തലയിൽ ആരംഭിക്കുന്ന കോച്ച് കമ്പോണന്റ് ഫാക്ടറിയുടെ ധാരണാപത്രം ഒപ്പിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എ). ഉണ്ട്. സിൽക്കിന്റെ അനുബന്ധ കമ്പനിയായ ഓട്ടോ കാസ്റ്റ് ലിമിറ്റഡിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓട്ടോ കാസ്റ്റും ഇൻഡ്യൻ റെയിൽവേയുമായിട്ടുള്ള സംയുക്ത സംരംഭം ആരംഭിക്കുന്നതിന്റെ ഭാഗമായി ധാരണാപത്രം ഒപ്പിടുകയുണ്ടായി. ഈ സംരംഭത്തിൽ റെയിൽവേയ്ക്ക് 51% ഓഹരിയും സംസ്ഥാന സർക്കാരിന് 49% ഓഹരി വിഹിതവുമുണ്ടായിരിക്കും. റെയിൽവേ കോച്ചുകൾക്കുവേണ്ട ബോഗി ഫ്രെയിമുകളുടേയും റെയിൽവേ വാഗണുകൾക്കുവേണ്ട സൈഡ് എൻഡ് ഭിത്തികളുടേയും നിർമ്മാണത്തിനായി ചേർത്തലയിലെ സിൽക്കിന്റെ യൂണിറ്റായ സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റും ഓട്ടോ കാസ്റ്റും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സംയുക്ത സംരംഭ കമ്പനിയാണ് വിഭാവനം ചെയ്യുന്നത്. ഇതിന്റെ ഒന്നാം ഘട്ടത്തിൽ സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റെ മുഴുവൻ ആസ്തിയും ജീവനക്കാരും സഹിതം പുതിയ കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടും. ഇതിനു മുമ്പായി സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റെ ബാദ്ധ്യതകൾ സർക്കാർ തീർക്കേണ്ടതുണ്ട്. രണ്ടാം ഘട്ടത്തിൽ ഓട്ടോ കാസ്റ്റിന്റെ ആസ്തിയും അതോ

| | |
|---|---|
| | ടൊപ്പം ഘട്ടംഘട്ടമായി മുഴുവൻ ജീവനക്കാരെയും മൂന്നു വർഷക്കാലയളവിനുള്ളിൽ പുതിയ സംരംഭത്തിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടും. MOU ഒപ്പുവച്ചശേഷം റെയിൽവേയുടേയും സംസ്ഥാന സർക്കാരിന്റെയും ഉദ്യോഗസ്ഥരടങ്ങുന്ന ഒരു ജോയിന്റ് വർക്കിംഗ് ഗ്രൂപ്പ് നിലവിൽവരും. ഈ ഗ്രൂപ്പ് പദ്ധതിയുടെ നടത്തിപ്പിലേക്കുള്ള ബിസിനസ് പ്ളാൻ തയ്യാറാക്കും.. MOU ഒപ്പിട്ടതിനുശേഷം ആറുമാസത്തിനകം സംയുക്തസംരംഭം രൂപീകൃതമാകും. |
| (ബി).ഇപ്പോൾ ഓട്ടോകാസ്റ്റിലുള്ള എല്ലാ പേർക്കും ഈ ഫാക്ടറിയിൽ ജോലി ലഭിക്കുമോ ; | (ബി). പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഓട്ടോ കാസ്റ്റിലുള്ള എല്ലാ പേർക്കും ഘട്ടംഘട്ടമായി മൂന്നു വർഷക്കാലയളവിൽ ജോലി വിഭാവനം ചെയ്യുന്നു. |
| (സി). ഇവിടെ പുതുതായി എത്ര പേർക്കുകൂടി ജോലി ലഭിക്കുമെന്നാണ് കരുതുന്നത് ; | (സി). തൊഴിൽ ലഭ്യത സംബന്ധിച്ച കൃത്യമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. |
| (ഡി). കഞ്ചിക്കോട് കോച്ച് ഫാക്ടറിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ? | (ഡി). കഞ്ചിക്കോട് ഒരുഫാക്ടറി സ്ഥാപിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ സജീവപരിഗണനയിലാണ്. ഫാക്ടറി ആരംഭിക്കുന്നതിന് 1000 ഏക്കർ ഭൂമി സൗജന്യമായി ഏറ്റെടുത്തു നൽകാമെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഭൂമി അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിന് റയിൽവേയുടെ കീഴിലുള്ള റൈറ്റ്സ് എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അവർ സ്ഥലം പരിശോധിച്ച് റിപ്പോർട്ട് നൽകിയതായി അറിയാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 425

14.07.2008-ൽ മറുപടിക്ക്

## സിംഗപ്പൂരിൽ നിന്നുള്ള ബിസിനസ്സ് സംഘം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. വേണുഗോപാൽ :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. എം. മുരളി : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സിംഗപ്പൂരിൽ നിന്നുള്ള ഏതെങ്കിലും ബിസിനസ്സ് സംഘം ഈ ജൂൺ മാസത്തിൽ കേരളം സന്ദർശിച്ചിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഈ സംഘത്തിൽ ഏതൊക്കെ ബിസിനസ്സ് സ്ഥാപനങ്ങളിലെ അംഗങ്ങളും സിംഗപ്പൂർ ഗവൺമെന്റിന്റെ എത്ര പ്രതിനിധികളുമാണ് ഉണ്ടായിരുന്നത് ; | (എ) യും (ബി) യും.<br><br>ഉണ്ട്. സിംഗപ്പൂർ ബിസിനസ്സ് സംഘത്തിലുണ്ടായിരുന്ന പ്രധാനപ്പെട്ട പ്രതിനിധികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഇവർ സർക്കാർ തലത്തിൽ ചർച്ച നടത്തുകയുണ്ടായോ ; | (സി) ഇവരുമായുള്ള ചർച്ചയിൽ സംസ്ഥാന ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെക്രട്ടറി, ശ്രീ.പി.എച്ച്. കുര്യൻ, ഐ.എ.എസ്; കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ ശ്രീ.മനോജ് ജോഷി, ഐ.എ.എസ്. എന്നിവരും കെ.എസ്.ഐ.ഡി.സി-യുടെ പ്രതിനിധികളും സന്നിഹിതരായിരുന്നു. |
| (ഡി) ഈ ചർച്ചയിൽ സിംഗപ്പൂർ വികസന സോൺ കൊച്ചിയിൽ രൂപീകരിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ; | (ഡി) ഇല്ല. |

(തുടർച്ച.....2)

(ഇ) ഏതൊക്കെ മേഖലകളിൽ സംസ്ഥാന സർക്കാരുമായി യോജിച്ച് ബിസിനസ്സ് സംരംഭങ്ങൾ തുടങ്ങണമെന്ന നിർദ്ദേശമാണ് ചർച്ചയിൽ ഉണ്ടായത് ;

(ഇ) ലൈഫ് സയൻസ് പാർക്ക്; ഫ്രീ ട്രേഡ് ആന്റ് വെയർ ഹൗസിംഗ് സോൺ; ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രീസ്; ബയോ ടെക്നോളജി തുടങ്ങിയ മേഖലകളിൽ സംസ്ഥാന സർക്കാരുമായി യോജിച്ച് ബിസിനസ്സ് സംരംഭങ്ങൾ തുടങ്ങണമെന്ന നിർദ്ദേശമാണ് ചർച്ചയിൽ ഉണ്ടായത്.

(എഫ്) സീപോർട്ട്, എയർപോർട്ട് എന്നിവയുടെ വികസനത്തിന് ഈ കമ്പനിയുമായി ചേർന്ന് പുതിയ സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കു--ന്നുണ്ടോ ?

(എഫ്) ഇല്ല.

സെക്ഷൻ ഓഫീസർ

## SINGAPORE DELEGATION

**List of Delegates**

- Dr. Balaji Sadasivan - Senior Minister - Minister of Foreign Affairs
- Mr. Ajit Singh - Consular General Chennai
- Mr. Ryan Ang, Centre Director ( designate ) South Asia Internationsl Operations Group, International Enterprise, Singapore.
- Mr. Vijay Iyengar - SICCI Chairman
- Mr. Pradeep Menon - SICCI, Executive Director
- Me. Beatrice Leow Marketing Head - Ascendas Property Management Services
- Mr. J.Manickavachagam - MD, Sri Vinayaka Exports Pvt. Ltd
- Mr.Lim Sin Tiow - CEO India, Ascendas Lans Singapore Ltd
- Mr.Sebastial Lo Deputy Director Singapore Business Federation
- Mr. Yogesh Vallahbhai Khamer - Head Facilities Management - GATI Singapore
- Mr.Zhang Xiang Yan - MD - Crystal Computer Graphics PTE Ltd.
- Mr. Nirman Sodhi - Senior Manager - SICCI Trade Match Information Network
- Mr. G.C [illegible] - MD - VTH Millennium (S) PTE Ltd.

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 426 | | 14.07.2008 -ൽ മറുപടിയ്ക്ക് |
|---|---|---|
| **കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ** | | |
| ചോദ്യം | | ഉത്തരം |
| **ശ്രീ. സി.കെ. സദാശിവൻ<br>ശ്രീമതി.കെ.കെ. ലതിക<br>" പി.അയിഷാ പോറ്റി<br>ശ്രീ സാജു പോൾ<br>" ബി. രാഘവൻ** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |
| (എ) | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**1. സ്വയം തൊഴിൽ വായ്പാ പദ്ധതി കാര്യക്ഷമമാക്കൽ .**<br>തൊഴിൽ രഹിതരായ ന്യൂനപക്ഷ, പിന്നോക്ക, പട്ടികജാതി വിഭാഗങ്ങളിലെ വനിതകൾക്ക് സ്വയം തൊഴിൽ ആരംഭിക്കാൻ താരതമ്യേന കുറഞ്ഞ പലിശനിരക്കിലാണ് (പ്രതിവർഷം 4 മുതൽ 6% വരെ) കോർപ്പറേഷൻ വായ്പ നൽകുന്നത്. വായ്പ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുക വഴി 2007-08 സാമ്പത്തിക വർഷം സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ എന്നിവ വിതരണം ചെയ്യുന്നതിൽ കോർപ്പറേഷന്റെ ചരിത്രത്തിൽ സർവ്വകാല റിക്കോർഡ് നേടിയിട്ടുണ്ട്.<br>837.89 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.<br>**2. വനിതാ ശാക്തീകരണ പ്രവർത്തനങ്ങൾ**<br>വായ്പാ വിതരണം, തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ തുടങ്ങിയ പരമ്പരാഗത പ്രവർത്തനങ്ങൾക്കപ്പുറത്തേയ്ക്ക് സ്ത്രീകളുടെ സാമൂഹിക ശാക്തീകരണം ഉൾപ്പെടെയുള്ള മേഖലകളിലേക്ക് കോർപ്പറേഷന്റെ പ്രവർത്തനം |

| | | |
|---|---|---|
| | | വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ ഫൈൻ ആർട്ട്സ് കോളേജുകളിലെ ചിത്രകല വിദ്യാർത്ഥിനികളുടെ കൂട്ടായ്മയിലൂടെ സമകാലീന ലോകത്തെ സ്ത്രീ ജീവിതത്തെ നോക്കിക്കണ്ട് 'വിമൻ സ്കോപ്പ് ', സംസ്ഥാന സർക്കാരിന്റെ ഫ്ളാഗ് ഷിപ്പ് പ്രോഗ്രാമുകളായി രൂപകല്പന ചെയ്തിട്ടുള്ള ഫിനിഷിംഗ് സ്കൂളുകൾ , ജെൻഡർ അവയർനസ്സ് പരിപാടികൾ, ബസ്സ്റ്റാന്റുകളിലും തിരക്കേറിയ സ്ഥലങ്ങളിലും സ്ത്രീകൾക്കുവേണ്ടി സ്ത്രീ സംരംഭകരാൽ നടത്തപ്പെടുന്ന കംഫർട്ട് സ്റ്റേഷനുകൾ മുതലായവ പുതിയ മേഖലയിൽ കോർപ്പറേഷന്റെ ചുവടുവയ്പുകളാണ്.<br>**3. ഓഡിറ്റ്**<br>കഴിഞ്ഞ ഏതാനും വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന ഓഡിറ്റിംഗ് പൂർത്തീകരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2005-06, 2006-07 എന്നിവർഷങ്ങളിലെ ഇന്റേണൽ ഓഡിറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരിക്കാനും നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>**4.കമ്പ്യൂട്ടറൈസേഷനും വായ്പാ വിതരണവും**<br>വായ്പാ വിതരണവും തിരിച്ചടവും ക്രമീകരിക്കാൻ ഓൺലൈൻ സോഫ്റ്റ്വെയർ രൂപകല്പന ചെയ്ത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. |
| (ബി) | വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (ബി) യും (സി) യും:<br>വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സ്വയം തൊഴിൽ സംരംഭകർക്ക് സഹായങ്ങൾ നൽകുന്നതിനും |

| | | |
|---|---|---|
| | സ്വയം തൊഴിൽ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വനിതകൾക്ക് സ്വയം തൊഴിലിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ഡി) ഇല്ല |
| (ഇ) | കോർപ്പറേഷന്റെ കീഴിലുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | ഇ) നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | ഈ വർഷം പുതുതായി ഹോസ്റ്റൽ ആരംഭിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ? | എഫ്) ഈ വർഷം കണ്ണൂർ ജില്ലയിലെ ചെറുതാഴത്ത് ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കാൻ ആവശ്യമായ സ്ഥലം റവന്യു വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും ഒരു ഹോസ്റ്റൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 75% കേന്ദ്രസർക്കാർ ധനസഹായമായും 25% സംസ്ഥാന സർക്കാർ ധനസഹായമായും ലഭ്യമാക്കേണ്ടതുണ്ട്. സ്ഥലവും ധനസഹായവും ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 427 | 14-07-2008 ൽ മറുപടിയ്ക്ക്

## കൊല്ലം-പുനലൂർ റെയിൽപാത ബ്രോഡ്ഗേജ് ആക്കുന്ന പ്രവൃത്തി

ചോദ്യം:
ശ്രീ.രാജു എബ്രഹാം :
ശ്രീ.കെ.സി.രാജഗോപാലൻ :
ശ്രീ.ആനത്തലവട്ടം ആനന്ദൻ :

ഉത്തരം
ശ്രീ. എം.വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ). കൊല്ലം-പുനലൂർ റെയിൽപാത ബ്രോഡ് ഗേജ് ആക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം എന്തെന്ന് അറിയിക്കുമോ ;

(എ).
റെയിലുകൾ കൂട്ടിയോജിപ്പിച്ച് വെൽഡ് ചെയ്യുന്നത് വളരെയധികം സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള ജോലിയാണ്. ഇത് അംഗീകൃത കമ്പനികൾക്ക് മാത്രമേ ചെയ്യുവാൻ കഴിയൂ. തദ്ദേശവാസികളായ തൊഴിലാളികൾക്ക് ഇതുമൂലം ജോലി നഷ്ടപ്പെടുമെന്നത് കൊണ്ട് ചില തർക്കങ്ങൾ നിലനിന്നിരുന്നു. ഇത് ബഹു:നിയമ മന്ത്രിയും ബഹു: തൊഴിൽ മന്ത്രിയും ഇടപ്പെട്ട് പരിഹരിച്ചു. കൂടാതെ കാലാവസ്ഥ വ്യതിയാനങ്ങളും നിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും 2009 ഫെബ്രുവരി മാസത്തോടെ പണി പൂർത്തീകരിക്കുവാൻ കഴിയും എന്നാണ് റെയിൽവെ അറിയിച്ചിട്ടുണ്ട്.

(ബി).റെയിൽവേ ലൈനിന് ആവശ്യമായ സ്ഥലം ഏറ്റെടുത്തു നൽകുന്ന നടപടി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി).കൊല്ലം മുതൽ പുനലൂർ വരെ താഴെപ്പറയുന്ന സ്ഥലങ്ങളിലൊഴികെ ബ്രോഡ്ഗേജ് ആക്കുന്നതിനായി ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് നൽകിയിട്ടുണ്ട്. കൊട്ടാരക്കര മുസ്ലീം സ്ട്രീറ്റിനു സമീപമുള്ള സ്ഥലം., മൈലം റെയിൽ ഓവർ ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലം, പഴയ ടി എം.വർഗ്ഗീസ് പാർക്ക് നിന്നിരുന്ന സ്ഥലം എന്നിവിടങ്ങളിലാണ് ഇനിയും ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. ഈ സ്ഥലങ്ങൾ ഉടൻതന്നെ ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി). ഇപ്പോൾ എത്ര കിലോമീറ്റർ പാത പൂർത്തിയായിട്ടുണ്ട് ; ഇനി എത്ര കിലോമീറ്റർ പൂർത്തിയാകാനുണ്ട് ; | (സി). കൊല്ലത്തിനും പുനലൂരിനും ഇടയ്ക്ക് ആകെയുള്ള 44.26 കിലോമീറ്റർ ബ്രോഡ്ഗേജ് പാതയിൽ 30 കിലോമീറ്റർ ട്രാക്കിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ള 14.26 കിലോ മീറ്റർ ട്രാക്കിന്റെ പണി പൂർത്തിയാക്കാനുണ്ട്. |
| (ഡി). റെയിൽപാത വികസനം എത്രയും വേഗം പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി). സ്വീകരിച്ചിട്ടുണ്ട്. റെയിൽപാത വികസനം എത്രയും വേഗം പൂർത്തിയാക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ബഹു: നിയമവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി 20..06..2008-ന് ബന്ധപ്പെട്ട റെയിൽ,റവന്യൂ, പോലീസ് വകുപ്പ് ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയുണ്ടായി. ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചും ട്രാക്ക് നിർമ്മാണത്തിന് മണ്ണ് നീക്കം ചെയ്യുന്നത് സംബന്ധിച്ചും നിലവിലുള്ള തടസ്സങ്ങൾ എത്രയും വേഗം തീർക്കുന്നതിനുള്ള നിർദ്ദേശങ്ങൾ യോഗത്തിൽ ഉന്നയിക്കപ്പെട്ടു. ബ്രോഡ്ഗേജ് നിർമ്മാണത്തിന്റെ ജോയിന്റ് വർക്ക് (വെൽഡിംഗ്) ജോലികളിൽ തദ്ദേശീയ തൊഴിലാളികളെ ഉൾപ്പെടുത്താത്തതുമൂലം ട്രേഡ് യൂണിയനുകൾ പ്രശ്നമുണ്ടാക്കുന്ന വിഷയം ബഹു: തൊഴിൽ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിന് തീരുമാനിച്ച് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 428 | 14.07.2008 ൽ മറുപടിയ്ക്ക്

ജലസംരക്ഷണ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. എ. പി. അനിൽകുമാർ | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നദീതീര ഖനനത്തിലെ വ്യവസ്ഥകളിൽ വരുത്തിയ ഇളവുകൾ നദീതീര സംരക്ഷണത്തിന് ഭീഷണി ഉയർത്തിയിട്ടുള്ള തായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി)നദീതീരങ്ങളിൽ നിന്ന് നിയന്ത്രണമില്ലാതെ മണൽ വാരുന്നതു മൂലമുണ്ടാകുന്ന പ്രതിഭാസങ്ങളെക്കുറിച്ച് സെന്റർ ഫോർ എർത്ത് സയൻസസ് പഠനം നടത്തിയിട്ടുണ്ടോ; | (ബി) ഇല്ല. എന്നാൽ നദിയെ മൊത്തത്തിൽ കണ്ടുകൊണ്ടുള്ള മണലിന്റെ ലഭ്യതയുമായി ബന്ധപ്പെട്ട് പല പഠനങ്ങളും സെന്റർ ഫോർ എർത്ത് സയൻസ് നടത്തിയിട്ടുണ്ട്. അശാസ്ത്രീയവും വർദ്ധിച്ച തോതിലുള്ള മണലൂറ്റൽ കേരളത്തിലെ നദികളെ കടുത്ത പാരിസ്ഥിതിക പ്രശ്നങ്ങളുടെ പിടിയിലാക്കിയിട്ടുണ്ട്. ഇത് ഭാവിയിൽ നദികളെയും നദീതടങ്ങളേയും ആശ്രയിച്ചുകൊണ്ടുള്ള വികസന പദ്ധതികളെ ദോഷകരമായി ബാധിക്കുമെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) എങ്കിൽ ഇത് സംബന്ധിച്ച പഠന റിപ്പോർട്ടിൽ എന്തൊക്കെ വസ്തുതകളാണ് കണ്ടെത്തിയിട്ടുള്ളത്; | (സി) ബാധകമല്ല |

(തുടർച്ച)

---

| | |
|---|---|
| (ഡി) നദികളുടെ നിലനിൽപ്പിനും പലതരം ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കും ഭീഷണിയാകുന്ന മണൽ ഖനനങ്ങൾ നിയന്ത്രിക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് പഠന റിപ്പോർട്ടിലുള്ളത്; | (ഡി) & (ഇ) നദിയിലെ മണൽ ഖനനവുമായി ബന്ധപ്പെട്ട ഗവേഷണ പഠനങ്ങൾ സെന്റർ ഫോർ എർത്ത് സയൻസ് ഏറ്റെടുത്തു നടത്തുകയും പഠന റിപ്പോർട്ടുകൾ തുടർ നടപടികൾക്കായി റവന്യൂ വകുപ്പിന് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും പ്രകാരം അനധികൃത മണൽ വാരൽ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. റവന്യൂ-പോലീസ്-വനം ഉദ്യോഗസ്ഥരുൾപ്പെട്ട സ്പെഷ്യൽ സ്ക്വാഡുകൾ എല്ലാ ജില്ലകളിലും നിലവിലുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മിന്നൽ പരിശോധനകളും നടത്തി വരുന്നുണ്ട്. |
| (ഇ) ഇതു പ്രാവർത്തികമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | |

Mary Joseph

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. **429** 14/07/2008-ൽ മറുപടിയ്ക്ക്

## ലാബുകളിൽ വിദഗ്ദ്ധരല്ലാത്തവർ ജോലി ചെയ്യുന്നതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അച്ചുതൻ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തൊട്ടാകെ പ്രവർത്തിച്ചുവരുന്ന പരിശോധനാ ലബോറട്ടറികളിൽ വിദഗ്ദ്ധർ അല്ലാത്തവർ ജോലി ചെയ്യുന്നതിനാൽ പരിശോധന റിപ്പോർട്ടുകളിൽ അപാകതകൾ സംഭവിക്കുന്നതുമൂലം ഗുരുതരമായ പ്രത്യാഘാതം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) സംസ്ഥാനത്തെ സർക്കാർ മേഖലയിലുള്ള ലബോറട്ടറികളെ സംബന്ധിച്ച് ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സ്വകാര്യ ലാബുകളെ സംബന്ധിച്ച് ഇത്തരമുള്ള പരാതികൾ ലഭിക്കാറുണ്ട്.

(ബി) ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷണത്തിന് വിധേയമാക്കുവാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ;

(സി) മെഡിക്കൽ ലാബുകളിലെ ടെസ്റ്റുകൾക്ക് ഈടാക്കുന്ന ഫീസ് ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(ബി)യും (സി)യും

സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനു വേണ്ടി നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 450 — 14.07.08-ൽ മറുപടിക്ക്

മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.മുരളി<br>ശ്രീ.വി.ഡി.സതീശൻ<br>പ്രൊഫ. കെ.വി.തോമസ് | ശ്രീ. എം. വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
| --- | --- | --- | --- |
| എ) | കടലുമായി ബന്ധപ്പെട്ട തൊഴിലുകൾ പഠിപ്പിക്കുന്നതിന് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; | എ) | ഉണ്ട് |
| ബി) | എങ്കിൽ ഇതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ; | ബി) | കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനു വേണ്ട ശുപാർശകൾ തുറമുഖവകുപ്പിൽ നിന്നും 9-ാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ നല്കിയിരുന്നു. ഇതിനുവേണ്ടി പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി. തിരുവനന്തപുരം ജില്ലയിലെ വലിയതുറയിലെ തുറമുഖ ഭൂമിയിലാണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായുള്ള സ്ഥലമായി നിശ്ചയിച്ചിരുന്നത്. വലിയതുറയിലെ തുറമുഖ ഭൂമിയിൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനെതിരെ തദ്ദേശവാസികൾ എതിർപ്പ് ഉന്നയിച്ചതിനാൽ ഇതുവരെ മേൽ നിർദ്ദേശം പ്രാവർത്തികമായിട്ടില്ല.<br>കാസർഗോഡ് ജില്ലയിലെ [illegible] പഞ്ചായത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി സർക്കാരിന് നൽകാൻ തയ്യാറാണെന്ന പഞ്ചായത്ത് തീരുമാനം സ്ഥലം എം.എൽ.എ വഴി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 29/12/07 ലെ സർക്കാർ ഉത്തരവ് എം.എസ്.52/07/തതുവ പ്രകാരം ടി സ്ഥലത്ത് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായുള്ള സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കേരളത്തിൽ മറ്റൊരു ഇൻസ്റ്റിറ്റ്യൂട്ട് കൂടി സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) | ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ മത്സ്യബന്ധനത്തിന് ആധുനിക സാങ്കേതിക വിദ്യകൾ പകർന്നു നൽകുന്ന പരിശീലന കോഴ്സുകൾ ഈ ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി നൽകാൻ നടപടി സ്വീകരിക്കുമോ? | സി) | ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് അംഗീകരിച്ചിട്ടുള്ള സമുദ്ര യാന മേഖലയിലെ വിവിധ കോഴ്സുകൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. മത്സ്യബന്ധനത്തിന് ആധുനിക സാങ്കേതിക വിദ്യകൾ പകർന്നു നൽകുന്ന പരിശീലന കോഴ്സുകൾ ഈ ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നമ്പർ 431 | 14.7.2008-ൽ<br>മറുപടിയ്ക്ക് |

# കൈത്തറി മേഖലയിലെ വ്യാജ ഉൽപ്പന്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.പി. പത്മനാഭൻ<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| എ) കേന്ദ്ര കൈത്തറി സംരക്ഷണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കൈകൊണ്ട് നിർമ്മിക്കേണ്ട തുണിത്തരങ്ങൾ തമിഴ് നാട് അടക്കമുള്ള സംസ്ഥാനങ്ങളിൽ യന്ത്രത്തറിയിൽ നിർമ്മിച്ച് പ്രശസ്തമായ കൈത്തറി സഹകരണ സംഘങ്ങളുടെ ലേബലിൽ കേരളത്തിൽ വൻതോതിൽ വിറ്റഴിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | എ) ഇതിനെ സംബന്ധിച്ചുള്ള പൊതുവായിട്ടുള്ള ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇത്തരം വ്യാജ ഉൽപ്പന്നങ്ങൾ കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാവുമോ; ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | ബി) ഇത്തരം വ്യാജ ഉല്പന്നങ്ങളെക്കുറിച്ചുള്ള പരാതികൾ യഥാസമയം ചീഫ് എൻഫോഴ്സ്മെന്റ് ഓഫീസർ, ന്യൂഡൽഹിയെയും, റീജിണൽ എൻഫോഴ്സ്മെന്റ് ഓഫീസർ, ചെന്നൈ എന്നിവരെ അറിയിക്കാറുണ്ട്. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>വ്യാജ ഉല്പന്നങ്ങൾ കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമായി ഹാൻലും ഡയറക്ടറുടെ കീഴിൽ എൻഫോഴ്സ്മെന്റ് വിംഗ് പ്രവർത്തിക്കുന്നുണ്ട്. യന്ത്രത്തറികൊണ്ട് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കൈത്തറി എന്ന വ്യാജേന വില്ക്കുന്നത് തടയുന്നതിനായി എല്ലാ ജില്ലകളിലും നെയ്ത്തുകാർക്ക് ബോധവൽക്കരണ പരിപാടികൾ, പ്രസ്തുത മെഷീനറിയുടെ കീഴിൽ |

വരുന്ന ഉദ്യോഗസ്ഥർ സംഘടിപ്പിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ എൻഫോഴ്സ്മെൻറിൻെറ നേതൃത്വത്തിൽ പവർല്ലും സ്ഥാപനങ്ങൾ അടിക്കടി പരിശോധിച്ച് കൈത്തറിക്കായി റിസർവ് ചെയ്തിട്ടുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ അതാത് സമയങ്ങളിൽ ഡൽഹിയിലെ ചീഫ് എൻഫോഴ്സ്മെൻറ് ഓഫീസറും ചെന്നൈയിലെ റീജിയണൽ എൻഫോഴ്സ്മെൻറ് ഓഫീസറും നൽകാറുണ്ട്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ.432

14.7.08ൽ
മറുപടിയ്ക്ക്

വയോജന നയം

ചോദ്യം

ശ്രീ.പി.ടി.എ.റഹീം:
ശ്രീ.ബി.ഡി.ദേവസ്സി:
ശ്രീ.കെ.വി.അബ്ദുൾ ഖാദർ:
ശ്രീ.എ.എം.യൂസഫ്:
ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ വയോജന നയം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാന വയോജന നയത്തിൽ പ്രതിപാദിച്ചിട്ടുള്ള വയോജനങ്ങൾക്കായുള്ള സംസ്ഥാന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. വയോജന നയവും കർമ്മ പരിപാടികളും കാര്യക്ഷമമായി നടപ്പാക്കുന്നതിനു വേണ്ടി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തി. ഒക്ടോബർ 1 വയോജന ദിനാചരണത്തോടനുബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പിന്റെ വൃദ്ധസദനങ്ങളിൽ നേത്ര പരിശോധന ക്യാമ്പുകളും, ജെറിയാട്രിക് ക്യാമ്പുകളും നടത്തുകയും ഔഷധ കിറ്റുകളും, കണ്ണടകളും വിതരണം ചെയ്യുകയും ചെയ്തു. വയോജനങ്ങളുടെ സാമൂഹ്യ സുരക്ഷിതത്വം എന്ന വിഷയത്തിൽ ഒരു വർക്ക്ഷോപ്പ് നടത്തുകയും വയോജന സംരക്ഷണം, സേവനം, സ്നേഹം, വാത്സല്യം എന്നീ ആശയങ്ങൾക്ക് ഊന്നൽ നൽകിയുള്ള വയോജന സംരക്ഷണത്തിന്റെ പ്രാധാന്യം ജനമനസ്സുകളിൽ ആഴത്തിൽ ഇറങ്ങി ചെല്ലുന്ന തരത്തിൽ രൂപപ്പെടുത്തി "സ്നേഹ സാന്ത്വനമേകുമീ ധന്യമാം നിൻ ജീവിതം ഭദ്രം" എന്ന വാക്യത്തിലൂടെയുള്ള ലോഗോയുടെ പ്രകാശനം ചെയ്തു. ഈ ലോഗോ സ്റ്റാമ്പായി പ്രസിദ്ധപ്പെടുത്തി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വൃദ്ധസദനങ്ങളും വയോജനങ്ങൾക്കുള്ള പകൽ പരിപാലന കേന്ദ്രങ്ങളും ആവശ്യാനുസരണം സ്ഥാപിക്കപ്പെടുന്നതിനായി കേന്ദ്ര സർക്കാരിന്റെ സംയോജിത വയോജന പരിപാടി മുഖേനയുള്ള ഗ്രാൻറിനു വേണ്ടി സംഘടനകളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രമാദ്ധ്യമങ്ങൾ മുഖേന വ്യാപകമായ പരസ്യം |

| | | | |
|---|---|---|---|
| | | | നൽകി. കൊല്ലം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന വൃദ്ധമന്ദിരങ്ങളോട് ചേർന്ന് വയോജന പകൽ പരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു. വയോജന നയം നടപ്പാക്കുന്നതിന് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്ക് പ്രത്യേക ഫണ്ട് ലഭ്യമാക്കിയിട്ടില്ല. എന്നാൽ വയോജന വർഷാചരണത്തിൽ ഫണ്ട് സ്വരൂപീകരിക്കുന്നതിലേയ്ക്കായി 25/-രൂപ വിലയുള്ള സ്റ്റാമ്പ് 1.5 കോടി രൂപയ്ക്ക് പ്രിൻറ് ചെയ്യുന്നതിനും ആയവ വിൽക്കുന്നതിനും കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന് അനുമതി നൽകി.<br>വയോജനങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി സാമൂഹ്യക്ഷേമ വകുപ്പിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ 15 സ്ഥാപനങ്ങൾ ഉണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ നടത്തുന്ന 152 വൃദ്ധസദനങ്ങൾക്ക് സംസ്ഥാന സർക്കാർ ഒരു അന്തേവാസിക്ക് പ്രതിമാസം160/-രൂപ നിരക്കിൽ ഗ്രാൻറ് നൽകിവരുന്നു. കൂടാതെ കേന്ദ്ര സർക്കാരിൻെറ വയോജന പരിപാടി അനുസരിച്ച് വൃദ്ധ സദനങ്ങൾ വയോജനങ്ങൾക്കു വേണ്ടിയുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ, മൊബൈൽ മെഡി.കെയർ യൂണിറ്റുകൾ എന്നിവ നടത്തുന്നതിന് സന്നദ്ധ സംഘടനകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കേന്ദ്ര സർക്കാർ ഗ്രാൻറ് നൽകുന്നുണ്ട്. ദുർബല വിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്നതിനുള്ള സംസ്ഥാന സർക്കാരിൻെറ പദ്ധതി പ്രകാരം അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞുതിരിയുന്നവർക്കും രോഗം ഭേദമായതിനു ശേഷം ആരും സ്വീകരിക്കുവാനില്ലാതെ ആശുപത്രികളിൽ കഴിയുന്ന വൃദ്ധർ ഉൾപ്പെടെയുള്ളവർക്ക് സംരക്ഷണം നൽകുന്നു. ഇത്തരം ആളുകളെ ഏറ്റെടുത്ത് സംരക്ഷിക്കുന്ന സന്നദ്ധ സംഘടനകൾക്ക് സർക്കാർ ഗ്രാൻറ് നൽകി വരുന്നു. |
| (ബി) | വൃദ്ധ സദനങ്ങൾക്കും, ഡേ കെയർ സെൻററുകൾക്കും സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; | (ബി) | സർക്കാർ നടത്തുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് 450/-രൂപ പ്രതിമാസം ഭക്ഷണം, വസ്ത്രം, കിടക്ക എന്നിവയ്ക്കും മരുന്നിന് പ്രതിവർഷം 700/-രൂപയും നൽകിവരുന്നു. അധികമായി വരുന്ന തുക സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നൽകിവരുന്നു. സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് പ്രതിമാസം 150/-രൂപ നിരക്കിൽ സംസ്ഥാന സർക്കാർ ഗ്രാൻറ് നൽകിവരുന്നു. കൂടാതെ വൃദ്ധസദനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്. |
| (സി) | വൃദ്ധസദനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (സി) | സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളുടെ പ്രവർത്തനം അതാത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരും മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാരും, സ്ഥാപനം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. കൂടാതെ ടി സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ക്ഷേമകാര്യ കമ്മിറ്റി ചെയർമാൻ, ചെയർപേഴ്സൺ ആയിട്ടുള്ള മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറും മേഖലാ അസിസ്റ്റന്റ് ഡയറക്ടറും നിരീക്ഷിക്കുന്നുണ്ട്. കൂടാതെ ഓർഫനേജ് കൺട്രോൾ ആക്ട് പ്രകാരം കൺട്രോൾ ബോർഡ് മെമ്പർമാർക്ക് സ്ഥാപനം സന്ദർശിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ രൂപീകരിച്ചിട്ടുള്ള വയോജന കൗൺസിൽ അംഗങ്ങളുടെ സബ്കമ്മിറ്റിയെ വൃദ്ധ സദനങ്ങളുടെ പ്രവർത്തനം വിലയിരുത്തി വൃദ്ധജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയോഗിച്ചിട്ടുണ്ട്. |
| (ഡി) | വൃദ്ധമാതാപിക്കളെ സംരക്ഷിക്കാതെ വൃദ്ധസദനങ്ങളിലേക്ക് മാറ്റുന്ന പ്രവണത തടയുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | വൃദ്ധ മാതാപിതാക്കളെ സംരക്ഷിക്കാതെ വൃദ്ധ സദനങ്ങളിലേക്ക് മാറ്റുന്ന പ്രവണത തടയുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര നിയമമായ മെയ്ന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007, കേരളത്തിൽ ഗസ്റ്റ് നമ്പർ. 22 തീയതി 27.05.2008ൽ നോട്ടിഫൈ ചെയ്തിട്ടുണ്ട്. വൃദ്ധസദനങ്ങളിലേക്ക് മാറ്റപ്പെടുന്ന മാതാപിതാക്കൾക്ക് സുരക്ഷിതത്വം ലഭ്യമാക്കുന്നതിന് ആക്ടിന്റെ സെക്ഷൻ 4,5 പ്രകാരം Maintenance Tribunal ന് മെയിൻറനൻസിന് അപേക്ഷ സമർപ്പിക്കാവുന്നതും സെക്ഷൻ 9 പ്രകാരം ഇവർക്ക് മെയിൻറനൻസ് ലഭിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 433.   14-07-2008-ൽ മറുപടിയ്ക്ക്

## ഇന്റർ ക്ലബ്ബ് അത്‌ലറ്റിക്സിൽ പങ്കെടുക്കുന്നവർക്ക് പ്രോത്സാഹനം

### ചോദ്യം

ശ്രീ.എ.പി.അനിൽകുമാർ:
ശ്രീ.സി.പി.മുഹമ്മദ്
ശ്രീ.കെ.ബാബു:

(എ)
സംസ്ഥാന ഇന്റർ ക്ലബ്ബ് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നവർക്ക് അർഹമായ പ്രോത്സാഹനം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി)
ഇതിൽ പങ്കെടുക്കുന്നവർക്കും വിജയിക്കുന്നവർക്കും സമ്മാനം നൽകുന്നതു സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്;

(സി)

ഇക്കഴിഞ്ഞ സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരത്തിൽ സംസ്ഥാന ടീമിന്റെ മോശമായ പ്രകടനം കണക്കിലെടുത്ത് ടീമിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി)

മികവുറ്റ ഒരു ടീമിനെ വാർത്തെടുക്കുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള ഒരു കോച്ചിന്റെ സേവനം സംസ്ഥാന ടീമിന് ലഭ്യമാക്കുന്നതിന് നടപടിയെടുക്കുമോ ?

### ഉത്തരം

ശ്രീ.എം.വിജയകുമാർ
(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

(എ) യും (ബി) യും
സംസ്ഥാന ഇന്റർ ക്ലബ്ബ് അത്‌ലറ്റിക്ക് ചാമ്പ്യൻഷിപ്പ് നടത്തുന്നതിന് സംസ്ഥാന അത്‌ലറ്റിക്ക് അസോസിയേഷന് ഒരു വർഷം 10,000/- രൂപ നിരക്കിൽ കേരളാ സ്പോർട്ട്സ് കൗൺസിൽ ധനസഹായം നൽകി വരുന്നുണ്ട്. ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മത്സരത്തിൽ ഒന്നും, രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് ഗ്രേസ് മാർക്കും, പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് സീറ്റ് സംവരണവും നൽകി വരുന്നുണ്ട്. സമ്മാനം നൽകുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(സി) യും (ഡി) യും
ഫുട്ബോൾ രംഗത്ത് പ്രതിഭകളെ കണ്ടെത്തി ഇന്റർനാഷണൽ കോച്ചുകളെകൊണ്ട് പരിശീലിപ്പിച്ച് അവരെ പ്രഗത്ഭരാക്കുക എന്ന ലക്ഷ്യത്തോടെ വിഷൻ ഇന്ത്യാ എന്ന പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 434      14.07.2008-ൽ മറുപടിക്ക്

## ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.സി. ജോർജ് | | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന എത്ര ശുദ്ധജല പദ്ധതികൾ ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; | (എ) | പഞ്ചായത്ത് രാജ് ഭരണ ഘടനാ ഭേദഗതി പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതികളൊന്നും കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തില്ല. |
| (ബി) കേരളത്തിലെ ശുദ്ധജല പദ്ധതികളെയെല്ലാം കേരള വാട്ടർ അതോറിറ്റി തന്നെയാണോ നടത്തുവാൻ ഉദ്ദേശിക്കുന്നത്;<br><br>(സി) ഇല്ലെങ്കിൽ എത്ര എം.എൽ.ഡി ശുദ്ധീകരണ കപ്പാസിറ്റിയുള്ള പദ്ധതികളാണ് വാട്ടർ അതോറിറ്റി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) & (സി) | പഞ്ചായത്ത് രാജ് ഭരണഘടനാ ഭേദഗതിപ്രകാരം കേരളത്തിൽ ഒരു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പദ്ധതികൾ അതാത് പഞ്ചായത്തുകൾക്ക് കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് നാളിതുവരെ 37 കുടിവെള്ള പദ്ധതികൾ കൈമാറിക്കഴിഞ്ഞിട്ടുണ്ട് ഇവയുടെ മേൽനോട്ടവും നടത്തിപ്പും അതാത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. ഇത് കൂടാതെ ജലനിധി ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്തുന്നുണ്ട്. എന്നാൽ സമഗ്ര കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി തന്നെയാണ് നടത്തുന്നത്.<br><br>ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പദ്ധതികൾ പൂർത്തീകരണത്തിനു ശേഷം ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കാൻ തയ്യാറാകുന്ന മുറയ്ക്ക് കൈമാറാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. നിലവിൽ എം.എൽ.ഡി തോത് കണക്കാക്കിയല്ല വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നത്. |

| | | |
|---|---|---|
| (ഡി) | ചെറിയ ശുദ്ധജല പദ്ധതികളെല്ലാം ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) വികേന്ദ്രീകൃതാസൂത്രണ പരിപാടി പ്രകാരം ഏകപഞ്ചായത്ത് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല അതാത് ഗ്രാമപഞ്ചായത്തുകൾക്കാണ്. ഇതനുസരിച്ച് കേരള വാട്ടർ അതോറിറ്റി 1050 ഏകപഞ്ചായത്ത് കുടിവെള്ള പദ്ധതികൾ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാനായി നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ 399 പദ്ധതികൾ ഇതിനകം കൈമാറി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 435 — 14.7.008—ൽ മറുപടിക്ക്

**രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ടി.പി. കുഞ്ഞുണ്ണി:<br>ശ്രീ. പി.ടി.എ. റഹിം:<br>ശ്രീ. എം.കെ. പുരുഷോത്തമൻ:<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ:<br>ശ്രീ. കെ.സി. രാജഗോപാലൻ | | ശ്രീ എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിങ് വാട്ടർ മിഷന്റെ മുഖ്യമായ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br><br>1) ഗ്രാമീണ മേഖലയിലെ എല്ലാ വാസസ്ഥലങ്ങളിലും സുരക്ഷിതമായ കുടിവെള്ള വിതരണം ഉറപ്പു വരുത്തുക.<br>2) ജലസ്രോതസ്സുകളുടെ പരിരക്ഷയും നിലനിൽപ്പും ഉറപ്പു വരുത്തുക.<br>3) നിരീക്ഷണത്തിലൂടെയും പരിശോധനയിലൂടെയും വെള്ളത്തിന്റെ ഗുണനിലവാരം സംരക്ഷിക്കുക |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര കുഴൽകിണറുകൾ നിർമ്മിച്ചിട്ടുണ്ട്; | (ബി) | രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിങ് വാട്ടർമിഷൻ പദ്ധതി പ്രകാരം 805 കുഴൽ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. |
| (സി) | കുടിവെള്ളം ലഭ്യമല്ലാത്ത എത്ര പ്രദേശങ്ങൾ ഭൂജല വകുപ്പ് കണ്ടെത്തിയിട്ടുണ്ട്; | (സി) | ഈ പദ്ധതിപ്രകാരം കുടിവെള്ളം ലഭ്യമല്ലാത്ത 717 പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 611 പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | ശുദ്ധജല ലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ മഴവെള്ള സംഭരണ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ഡി) | കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയുള്ള മഴവെള്ളസംഭരണ പദ്ധതിയായ 'വർഷ' വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നു. പദ്ധതി ചെലവിന്റെ 10% ഉപഭോക്തൃ വിഹിതമാണ്. 2,3,5 കുടുംബങ്ങൾക്ക് ഒരു യൂണിറ്റ് എന്ന അടിസ്ഥാനത്തിലാണ് പദ്ധതി ഏറ്റെടുക്കുന്നത്. ആവശ്യമായ സ്ഥലം ഉപഭോക്താക്കൾ കണ്ടെത്തണം. ഈ പദ്ധതികൾക്ക് സ്റ്റേറ്റ് ലെവൽ സാങ്ഷനിങ് കമ്മറ്റിയാണ് അംഗീകാരം നൽകുന്നത്. |
| (ഇ) | ഈ വർഷം എത്ര കുഴൽകിണറുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ഇ) | ഈ വർഷം രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം 84 കുഴൽകിണറുകൾ നിർമിക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (എഫ്) | കുഴൽ കിണറുകളിലെ ജലലഭ്യത പരിശോധിക്കുന്നതിനും ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (എഫ്) | കുഴൽകിണറുകളിലെ ജലലഭ്യത പരിശോധിക്കുന്നതിനും ജലലഭ്യത ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 436 | 14.07.2008-ൽ മറുപടിക്ക് |

## ഇലക്ട്രോണിക് ഹബ്ബ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീ. എം.കെ. ചന്ദ്രൻ :<br>ശ്രീ. വി.എസ്. സുനിൽ കുമാർ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ആഗോളവ്യാപകമായി ഇലക്ട്രോണിക് വ്യവസായ- -ത്തിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതു സംബന്ധിച്ച പഠനത്തിന് സംസ്ഥാനത്ത് ഒരു കമ്മിറ്റിയെ നിയോഗിച്ചി- -ട്ടുണ്ടോ ; എങ്കിൽ ഈ കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. ഈ കമ്മിറ്റിയുടെ ശുപാർശകൾ താഴെപറയുന്നു.<br>1. സംസ്ഥാന സർക്കാർ ഇലക്ട്രോണിക് • ഹാർഡ് വെയർ വ്യവസായം വികസിപ്പിക്കു- -ന്നതിനായി ഒരു പ്രത്യേക പാക്കേജ് ഓഫ് ഇൻസെന്റീവ്സ് പ്രഖ്യാപിക്കുക.<br>2. ഈ പ്രത്യേക സാമ്പത്തിക മേഖലയെ ഇന്ത്യയിലും വിദേശത്തേയ്ക്കും സർക്കാർ വിപണനം നടത്തുകയും, കൂടാതെ ഇതിനുവേണ്ടി വ്യക്തമായ ഒരു നയം രൂപീകരിക്കേണ്ടതുമാണ്.<br>3. സർക്കാർ ഈ വ്യവസായത്തിന് നിക്ഷേപ സൗഹൃദപരമായ അന്തരീക്ഷം പടുത്തുയർ- -ത്തേണ്ടതും, ഇവിടെ തുടങ്ങുന്ന കമ്പനിക്ക് എല്ലാ സ്വാതന്ത്ര്യത്തോടുകൂടി പ്രവർത്തിക്കു -ന്നതിനായി സൗകര്യം ചെയ്ത് കൊടുക്കേണ്ടതുമാണ്.<br>4. ഈ വ്യവസായം തുടങ്ങാൻ അടിസ്ഥാന സൗകര്യ വികസനം പൊതുസ്വകാര്യപങ്കാളി- -ത്തത്തിൽ പ്രത്യേക സാമ്പത്തിക മേഖലയായോ; വ്യവസായ പാർക്കായോ സർക്കാർ പ്രോത്സാഹിപ്പിക്കേണ്ടതാണ്.<br>5. കൊച്ചിയിലും തിരുവനന്തപുരത്തുമായി 250 ഏക്കർ വീതം സ്ഥലം ഏറ്റെടുത്തുകൊണ്ട് സംസ്ഥാന സർക്കാർ ഇലക്ട്രോണിക് ഹബ്ബ് സ്ഥാപിക്കേണ്ടതുണ്ട്. |

(തുടർച്ച.....2)

(ബി) സംസ്ഥാനത്ത് ഇലക്ട്രോണിക് ഹബ്ബ് സ്ഥാപിക്കുന്നതിനു- -ദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാം, ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

(ബി) ഉണ്ട്. തിരുവനന്തപുരത്തും കൊച്ചിയിലുമായിട്ടാണ് ഇലക്ട്രോണിക് ഹബ്ബ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. കൊച്ചിയിൽ ഇതിനായിട്ട് 1149 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ ഇലക്ട്രോണിക് ഹബ്ബ് സ്ഥാപിക്കുന്നതോടു കൂടി ഇലക്ട്രോണിക് ഹാർഡ് വെയർ വ്യവസായങ്ങൾ കേരളത്തിൽ വരികയും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 437 | 14.7.2008 ൽ മറുപടിക്ക് |
|---|---|

എല്ലാ പഞ്ചായത്തുകളിലും ആയുർവേദ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. എം.ജെ. ജേക്കബ്<br>പ്രൊഫ. .സി. രവീന്ദ്ര നാഥ്<br>ശ്രീ. എം. ചന്ദ്രൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) സംസ്ഥാനത്ത് ആയുർവേദ ചികിത്സ വ്യാപിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | എ) ഉണ്ട്.<br>സംസ്ഥാനത്ത് ആയുർവേദ ചികിത്സ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ആയുർവേദചികിത്സാസ്ഥാപനങ്ങൾ ആരംഭിക്കുക, ഒരു ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുക എന്നീ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| ബി) ഗ്രാമീണ ആയുർവേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | ബി) ഗ്രാമീണ ആയുർവേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തുന്നതിനായി 2007-08 സാമ്പത്തിക വർഷം 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2008-09 സാമ്പത്തിക വർഷം 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| സി) ഈ വർഷം പുതുതായി ഗ്രാമീണ ഡിസ്പെൻസറികൾ ആരംഭിക്കുന്നുണ്ടോ; | സി) അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് ആയുർവേദ ഡിസ്പെൻസറികൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ട് ഉപയോഗിച്ച് പുതിയ ഗ്രാമീണ ഡിസ്പെൻസറികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. |
| ഡി) ആയുർവേദ സ്ഥാപനങ്ങൾ ഇല്ലാത്ത എത്ര പഞ്ചായത്തുകളാണ് ഉള്ളത്. എല്ലാ പഞ്ചായത്തുകളിലും ആയുർവേദസ്ഥാപനങ്ങൾ അനുവദിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ? | ഡി) സംസ്ഥാനത്ത് 244 പഞ്ചായത്തുകളിൽ ആയുർവേദ സ്ഥാപനങ്ങൾ നിലവിലില്ല. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഘട്ടം ഘട്ടമായി ആയുർവേദസ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

* നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :438

14-07-2008 -ൽ മറുപടിക്ക്

## കെൽട്രോണിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ

ചോദ്യം

ശ്രീ. ആർ. സെൽവരാജ് :
" വി. ശിവൻകുട്ടി :
" പി ജയരാജൻ:
ശ്രീമതി ജെ. അരുന്ധതി:
ശ്രീ. എം.എം. മോനായി :

മറുപടി

ശ്രീ എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ) കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(എ) കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൺസോർഷ്യം ബാങ്കുകളുമായുള്ള ഒറ്റതവണ തീർപ്പാക്കൽ പദ്ധതി സർക്കാർ നടപ്പാക്കി. ഇതനുസരിച്ച് മൂന്നു ഗഡുക്കളിലായി 31 കോടി രൂപ (6+12.50+12.50)അനുവദിച്ചുനൽകി യിട്ടുണ്ട്. കെൽട്രോണിൽ വി.ആർ.എസ്. നടപ്പാക്കാനായി KIRF-ൽ നിന്നും എടുത്ത വായ്പയുടെ പലിശ ഉപേക്ഷിക്കുകയും വായ്പയി നത്തിൽ എടുത്ത തുകയിൽ 5 കോടി രൂപ സർക്കാർ KIRF- ലേക്ക് തിരിച്ചടച്ച് കടം തീർക്കുകയും ചെയ്തു. ഗവൺമെന്റ് ലോണിന്റെ പലിശ 1-04-2006 മുതൽ 5 വർഷത്തേക്ക് മരവിപ്പിച്ചു. കെൽട്രോണിന്റെകൂടി സഹകരണത്തോടെ കൊച്ചി കേന്ദ്രമാക്കി ഇലക്ട്രോണിക് ഹാർഡ് വെയർ ഉല്പന്നങ്ങൾക്കായി ഒരു ഇലക്ട്രോണിക് ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. കൂടാതെ പ്രതിരോധ വകുപ്പിൽനിന്നും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഓർഡറുകൾ ലഭിക്കുന്നതിനും സഹായം നൽകി വരുന്നു. ഇതോടൊപ്പം തന്നെ കണ്ണൂരിലെ കെൽട്രോൺ യൂണിറ്റുകളെ സംയോജിപ്പിച്ച് ഒറ്റകമ്പനിയാക്കി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉത്തരവ് നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കമ്പനിക്ക് എന്തുതുക ലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് ; | (ബി) കഴിഞ്ഞ രണ്ടുവർഷങ്ങളിലെ കമ്പനിയുടെ ലാഭം 28.61 കോടി രൂപയാണ്. |
| (സി) പുതുതായി എന്തെല്ലാം പ്രോജക്റ്റുകളാണ് കമ്പനി നടപ്പാക്കിയിട്ടുള്ളത് ; | (സി) കൽക്കട്ടാ പോലീസിനായുള്ള 28 കോടി രൂപയുടേയും പൂനാ മുനിസിപ്പൽ കോർപ്പറേഷനുവേണ്ടിയുള്ള 17 കോടി രൂപയുടെയും"Intelligence Transportation Systems" എന്നിവയാണ് നിലവിലുള്ള പ്രധാനപ്പെട്ട പ്രോജക്ടുകൾ. |
| (ഡി) കഴിഞ്ഞ രണ്ടു വർഷക്കാലത്തെ കമ്പനിയുടെ ഉത്പാദനത്തിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് ; | (ഡി) 7.75 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.. |
| (ഇ) പുതുതായി ഓർഡറുകൾ നേടിയെടുക്കുന്നതിനും അവ നിർവ്വഹിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ഇ) BEL, BHEL, NPOL, ISRO, BARC, Cochin Shipyard, Bangalore Metro Railway, DUBAL (Dubai -Aluminium Company) UTL, DRDO/DRDL, NELCO തുടങ്ങിയ കമ്പനികളുമായി കരാറിലേർപ്പെട്ടതിനെ തുടർന്ന് ധാരാളം ടെൻഡറുകളിൽ പങ്കെടുത്ത് പുതിയ ടെൻഡറുകൾ നേടിയെടുക്കാനും ശ്രമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 439 — 14-07-2008 ൽ മറുപടിയ്ക്ക്.

## റെയിൽവെ ലൈനുകളുടെ വൈദ്യുതീകരണവും പാത ഇരട്ടിപ്പിക്കലും

ചോദ്യം:
ശ്രീ.സി.എം.ദിനേശ് മണി :
ശ്രീ.വി.എൻ.വാസവൻ :
ശ്രീ.എ.എം.ആരിഫ് :
ശ്രീ.എം.ജെ.ജേക്കബ് :
ശ്രീ.എം.കെ.പുരുഷോത്തമൻ :

ഉത്തരം
ശ്രീ. എം.വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ). സംസ്ഥാനത്ത് റെയിൽവെ ലൈനുകളുടെ വൈദ്യുതീകരണത്തിനും പാത ഇരട്ടിപ്പിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(എ). തിരുവനന്തപുരം-എറണാകുളം, കന്യാകുമാരി- തിരുവനന്തപുരം, തിരുവനന്തപുരം - ഗുരുവായൂർ, ഷൊർണ്ണൂർ -മംഗലാപുരം എന്നീ പാതകളിലാണ് വൈദ്യുതീകരണത്തിന് പദ്ധതിയുള്ളത്. ഇതിനാവശ്യമായ സർവ്വേ നടത്തുന്നതിനും വൈദ്യുതീകരണം ത്വരിതപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകികഴിഞ്ഞിട്ടുണ്ട്. പാത ഇരട്ടിപ്പിക്കലിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നത് ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തിയിട്ടുണ്ട്. ബഹു: നിയമ പാർലമെന്ററികാര്യ മന്ത്രി 20..06..2008-ന് ബന്ധപ്പെട്ട റെയിൽ, റവന്യൂ, പോലീസ് ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തി ഇതു സംബന്ധിച്ചുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി).വൈദ്യുതീകരണത്തിനുള്ള ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ട് ;

(ബി). തിരുവനന്തപുരം-എറണാകുളം റെയിൽവേ പാതയുടെ വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ട്.

(സി). ഇപ്പോൾ ഏതെല്ലാം സ്ഥലങ്ങളിലാണ് വൈദ്യുതീകരണ ജോലികൾ നടക്കുന്നത് ;

(സി). കന്യാകുമാരി - തിരുവനന്തപുരം പാതയുടെ സർവ്വേ പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരം - ഗുരുവായൂർ പാതയുടെ സർവ്വേ ജോലികൾ പൂർത്തിയായിട്ടുണ്ട്. ഷൊർണ്ണൂർ -മംഗലാപുരം പാതയുടെ സർവ്വേ പൂർത്തിയായിട്ടില്ല.

| | |
|---|---|
| (ഡി). ലൈനുകളുടെ വൈദ്യുതീകരണത്തിനായി എത്ര മെഗാവാട്ട് വൈദ്യുതി ആവശ്യമായി വരുന്നു ; | (ഡി). കൃത്യമായ വിവരം ലഭ്യമാക്കാൻ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരം റെയിൽവേയിൽനിന്ന് ശേഖരിച്ച് നൽകുന്നതാണ്. |
| (ഇ). ഏതെല്ലാം റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്; ഇവയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ ? | (ഇ). കായംകുളം - ആലപ്പുഴ-എറണാകുളം, കായംകുളം-കോട്ടയം-എറണാകുളം, എന്നീ പാതകളുടെ ഇരട്ടിപ്പിക്കൽ പണിയാണ് നടന്നുവരുന്നത്. ഷൊർണ്ണൂർ - മംഗലാപുരം പാതയുടെ ഇരട്ടിപ്പിക്കൽ പൂർത്തിയായിവരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 440      14-07-2008-ൽ മറുപടിയ്ക്ക്

**മലബാർ മേഖലയിലെ സ്പോർട്ട്സ് താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ.അബ്ദുറബ്ബ്:**<br>ശ്രീ.എം.ഉമ്മർ: | **ശ്രീ.എം.വിജയകുമാർ**<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>ഈ സർക്കാർ അധികാരമേറ്റ ശേഷം മലബാർ മേഖലയിലെ സ്പോർട്ട്സ് താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരെ ഉന്നതതല മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ)<br>ഉണ്ട്. |
| (ബി)<br>എങ്കിൽ എന്തെല്ലാം പദ്ധതികൾ എവിടെയെല്ലാം നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ ? | (ബി)<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലബാർ മേഖലയിൽ കായിക താരങ്ങൾക്ക് മികച്ച പരിശീലനം നൽകുന്നതിനായി താഴെ പറയുന്ന ഹോസ്റ്റലുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്.<br>1. സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, വയനാട്. (വോളിബോൾ, അത്‌ലറ്റിക്സ്, ഫെൻസിംഗ്)<br>2. വോളിബോൾ അക്കാഡമി, നടുവണ്ണൂർ.<br>3. സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, കോഴിക്കോട്. (ബോക്സിംഗ്, തായ്കൊണ്ട).<br>4. സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, കാസർഗോഡ് (കബഡി, അത്‌ലറ്റിക്സ്).<br>5. ഇ.എം.ഇ.എ. കോളേജ്, കൊണ്ടോട്ടി (വോളിബോൾ).<br>6. എസ്.എൻ.കോളേജ്, കണ്ണൂർ (ഫുട്ബോൾ).<br>7. വോളിബോൾ അക്കാഡമി, കുന്നുമ്മൽ, കോഴിക്കോട് (വോളിബോൾ-പെൺകുട്ടികൾ).<br>8. ജില്ലാ സ്പോർട്സ് കൗൺസിൽ, കണ്ണൂർ. (ഹാൻഡ് ബോൾ - ആൺകുട്ടികൾ)<br>9. സ്പോർട്സ് ഹോസ്റ്റൽ, വയനാട് (പെൺകുട്ടികൾ) |

കൂടാതെ ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷനുമായി സഹകരിച്ച് "വിഷൻ ഇന്ത്യ പദ്ധതി കേരള" എന്ന പേരിൽ നടപ്പാക്കുന്ന ഫുട്ബോൾ പരിശീലന പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത സംസ്ഥാനത്തെ ഏഴ് ജില്ലകളിൽ മൂന്ന് ജില്ലകൾ മലബാർ മേഖലയിലാണ്. ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും 8 സ്കൂളുകളിൽ നിന്നും 40 കുട്ടികൾക്ക് വീതം ഫുട്ബോളിൽ പരിശീലനം നൽകി വരുന്നു. ഒരു ജില്ലയിലെ 30 കുട്ടികളെ വീതം പരിശീലിപ്പിക്കുന്ന ജൂഡോ ട്രെയിനിംഗ് സെന്ററുകൾ മലബാർ മേഖലയിലെ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.

മലബാർ മേഖലയിൽ സ്പോർട്സിനു വേണ്ടി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി മഞ്ചേരിയിൽ ഫുട്ബോൾ അക്കാദമിയോട് കൂടിയ ജില്ലാ സ്പോർട്സ് കോംപ്ലക്സ്, കണ്ണൂർ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് സ്വിമ്മിംഗ്പൂൾ, കാസർഗോഡ് ഇൻഡോർ സ്റ്റേഡിയം, വയനാട് ജില്ലാ സ്റ്റേഡിയം, സ്പോർട്സ് കോംപ്ലക്സ് എന്നീ പദ്ധതികൾ സംബന്ധിച്ച് പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. തലശ്ശേരി സായി സെന്ററിന്റെ രണ്ടാം നില പണിയുന്നതിനായി 16.23 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

Valsal

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 441 14.07.2008ൽ മറുപടിക്ക്

## നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. കെ.വി. തോമസ്<br>ശ്രീ.കെ. അച്ചുതൻ<br>ശ്രീ. എം.എ. വാഹിദ് | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

എ) സംസ്ഥാനത്ത് സ്ഥാപിക്കുന്ന നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

എ) നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കേരള ഘടകത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് കെട്ടിട സമുച്ചയത്തിലെ "ഡി" & "ഇ" ബ്ലോക്കിന്റെ മൂന്നാം നിലയിൽ 1500 ചതുരശ്ര മീറ്റർ വിസ്തൃതി സ്ഥലം സർക്കാർ 2008 ഫെബ്രുവരിയിൽ വിട്ടുകൊടുക്കുകയും, അവിടെ ലാബ്, ജനറേറ്റർ, മറ്റ് സംവിധാനങ്ങൾ എന്നിവ സജ്ജമാക്കുന്നതിനായി 23 ലക്ഷം രൂപ എൻ. ആർ. എച്ച്. എം., പദ്ധതിയിൽ നിന്നും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകുകയും ചെയ്തു. ചിക്കൻഗുനിയ ലെപ്ടോസ്പൈറോസിസ്, ജപ്പാൻ ജ്വരം എന്നീ രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള ടെസ്റ്റുകൾ ചെയ്യാൻ മെയ് മാസം മുതൽ ആരംഭിച്ചു. കൂടുതൽ സങ്കീർണ്ണമായ ആർ.റ്റി.പി.സി.ആർ., വൈറൽ കൾച്ചർ എന്നീ നിർണ്ണയോപാധികൾ സജ്ജമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ബി) ഇതിനായി കെട്ടിടം പണിയുന്നതിനാവശ്യമായ സ്ഥല സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ;

ബി) ഉണ്ട്. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസസിന്റെ പേരിൽ ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിനോടനുബന്ധമായി കിടക്കുന്ന 8 ഏക്കർ സ്ഥലത്തിൽ നിന്നും 5 ഏക്കർ സ്ഥലം 30 വർഷത്തേക്ക്

പാട്ട വ്യവസ്ഥയിൽ സർക്കാർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിക്ക് (എൻ.ഐ.വി.) നൽകിയിട്ടുണ്ട്. അവിടെ കോമ്പൗണ്ട് വാൾ പണിയുന്നതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു.

സി) ഇതിന്റെ പ്രവർത്തനങ്ങൾക്കായി ഇതുവരെ എന്തു തുക അനുവദിച്ചു ;

സി) 23 ലക്ഷം രൂപ കേരള സർക്കാർ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതിയിൽ നിന്നും എൻ.ഐ.വി. പദ്ധതിയ്ക്കായി അനുവദിച്ചു കഴിഞ്ഞു.

ഡി) ഇതിന്റെ പ്രവർത്തനം എന്നു തുടങ്ങാൻ കഴിയും ;

ഡി) നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കേരള ഘടകം ആലപ്പുഴ (വണ്ടാനം) മെഡിക്കൽ കോളേജ് സമുച്ചയത്തിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇതിനോടകം തന്നെ 220 രക്തസാമ്പിളുകൾ കേരളത്തിന്റെ പല ഭാഗത്തു നിന്നായി അയച്ചു കൊടുക്കുകയും അവ പരിശോധിക്കുകയും ചെയ്തു.

ഇ) സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പകർച്ച രോഗങ്ങൾ സംബന്ധിച്ച് നിരീക്ഷണ നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സജ്ജമാക്കുന്നതിനായി ഈ സ്ഥാപനത്തിന്റെ പ്രവർത്തനം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഇ) എൻ.ഐ.വി.യൂണിറ്റിന്റെ പ്രാരംഭ പ്രവർത്തനം സുഗമമാക്കുന്നതിനായി കേരള സർക്കാരിന്റെ പ്രതിനിധിയായി ആലപ്പുഴ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം പ്രൊഫസർ ഡോ. തോമസ് മാത്യുവിനെ നോഡൽ ആഫീസറായും , രണ്ട് ലാബ് ടെക്നീഷ്യൻമാരെയും, ഒരു ആഫീസ് അസിസ്റ്റന്റിനെയും എൻ.ഐ.വി. കേരള ഘടകത്തിൽ നിയമിച്ചിട്ടുണ്ട്. 6 സ്റ്റാഫിനെ ഉടനെ നിയമിക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഇതിനുപുറമേ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം പൂർത്തീകരി ക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസീസ് കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെൽ (എസ്.ഡി.സി.എം.സി)- ന്റ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 442 — 14-07-2008-ൽ മറുപടിക്ക്

**അനധികൃത ഔഷധങ്ങൾ തടയുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പ് മന്ത്രി) |
| (എ) വ്യാജമരുന്നുകൾ ഉൾപ്പെടെയുള്ള അനധികൃത ഔഷധങ്ങൾ വിപണിയിലെത്തുന്നതു തടയുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പു നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) വ്യാജമരുന്നുകളുടേയും നിരോധിക്കപ്പെട്ട മരുന്നുകളുടേയും വിൽപ്പന തടയുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് സ്ഥിരം സംവിധാനമുണ്ട്. ഈ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ തങ്ങളുടെ അധികാര പരിധിയിൽപ്പെട്ട മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ കൃത്യമായ കാലയളവിൽ വിശദമായ പരിശോധന നടത്തുന്നു. പരിശോധനകളിൽ ഇത്തരത്തിലുള്ള ഏതെങ്കിലും മരുന്നുകൾ കണ്ടെത്തിയാൽ ഇവ വിതരണം ചെയ്ത മൊത്ത വിതരണശാല പരിശോധിക്കുകയും അവിടങ്ങളിൽ നിന്നും അവർ വിതരണം ചെയ്തിട്ടുള്ള ചില്ലറ വിൽപ്പനശാലകളുടെ വിവരങ്ങൾ ശേഖരിച്ചു തുടർ പരിശോധന നടത്തുകയും ചെയ്യുന്നു. വ്യവസ്ഥ ലംഘിക്കുന്ന വ്യാപാരികൾക്കെതിരേയും നിർമ്മാണ കമ്പനിക്കെതിരേയും വകുപ്പുതല നടപടികളും പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) ഔഷധങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് നിലവിലുള്ള സംവിധാനം എന്താണ്; | (ബി) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പ്രതിവർഷം ഉദ്ദേശം 4000 മരുന്നു സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനമാണ് ഇപ്പോഴുള്ളത്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കാര്യക്ഷമമായ ഒരു സ്ഥിരം സംവിധാനമുണ്ട്. ഈ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ വിവിധ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും സർക്കാർ ആശുപത്രികളിൽനിന്നും സ്റ്റാറ്റ്യൂട്ടറി സാമ്പിളായും സർവേ സാമ്പിളായും ശേഖരിക്കുന്ന മരുന്നുകൾ തിരുവനന്തപുരത്തെ സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്ക് അയക്കുന്നു. പരിശോധന നടത്തിയശേഷം റിപ്പോർട്ട് ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, ഡ്രഗ്സ് കൺട്രോളർക്കും ബന്ധപ്പെട്ട ഡ്രഗ്സ് ഇൻസ്പെക്ടർമാർക്കും നൽകുന്നു. |

| | |
|---|---|
| | ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന മരുന്നുകളുടെ വിതരണവും വിൽപ്പനയും തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നു. |
| (സി) മരുന്നുകളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള ജോലികൾ സ്വകാര്യ ലബോറട്ടറികളെ ഏൽപ്പിക്കാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (സി) സെൻട്രൽ പർച്ചേസ് കമ്മിറ്റി വാങ്ങിയിരുന്ന മരുന്നുകളുടെ ഭൂരിഭാഗവും പരിശോധിക്കുന്നതിനായി സ്വകാര്യ ലബോറട്ടറികളെ ഏൽപ്പിച്ചിരുന്നു. അംഗീകൃത ലബോറട്ടറികളായ എസ്.ജി.എസ് ഇൻഡ്യ ലി., കൊച്ചി, ഇൻഡോ കാർഗോ സർവേയേഴ്സ് ലി., കൊച്ചി, എയ്സ് ടെസ്റ്റിംഗ് ലബോറട്ടറി, കൊച്ചി, മൈക്കൽ, ചെന്നൈ, ഡോ. സീൽ അനലിറ്റിക്കൽ ലാബ്, ചെന്നൈ, ബാംഗ്ലൂർ ടെസ്റ്റ് ഹൌസ്, ബാംഗ്ലൂർ എന്നീ സ്ഥാപനങ്ങളിലാണ് പരിശോധിക്കാറ്. പരിശോധനാ ഫീസ് സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി(സി.പി.സി )ആണ് നൽകുന്നത്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ സി.പി.സി സാമ്പിളുകൾ പൂർണ്ണമായും ടെസ്റ്റ് ചെയ്യുന്നതിനുള്ള സംവിധാനമില്ല. |
| (ഡി) ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ ശക്തിപ്പെടുത്തുന്നതിനും റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) എറണാകുളത്ത് ഒരു റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി തുടങ്ങാൻ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 443 — 14-07-2008 ൽ മറുപടിക്ക്.

## തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ വികസനം

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി :<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ.ആർ.സെൽവരാജ്:<br>ശ്രീ.വി.ജെ.തങ്കപ്പൻ:<br>ശ്രീമതി.ജെ.അരുന്ധതി : | ശ്രീ. എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ) |
| (എ). തിരുവനന്തപുരം റെയിൽവേ സ്റ്റേഷനെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതി റെയിൽവേ ബോർഡ് അംഗീകരിച്ചിട്ടുണ്ടോ ; | (എ). ഉണ്ട്. |
| (ബി). ഈ പദ്ധതിക്ക് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് ; | (ബി).യും (സി) യും (ഡി)യും<br>വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി). റെയിൽവേ സ്റ്റേഷൻ വികസനത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; | |
| (ഡി). റെയിൽവേ സ്റ്റേഷൻ വികസനത്തിന് ആവശ്യമായ കൂടുതൽ സ്ഥലം ഏറ്റെടുത്തു നൽകുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 444 — 14.07.2008—ൽ മറുപടിക്ക്

**ഗ്രാമീണ സ്കൂളുകളിലും അംഗൻവാടികളിലും കുടിവെള്ളം എത്തിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു :<br>ശ്രീ. എ. എം. യൂസഫ്:<br>ശ്രീ. പി. വിശ്വൻ:<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ: | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഗ്രാമീണ സ്കൂളുകളിലും അംഗൻവാടികളിലും ശുദ്ധ ജലമെത്തിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) എല്ലാ സർക്കാർ ഗ്രാമീണസ്കൂളുകളിലും അംഗൻവാടികളിലും ശുദ്ധജലമെത്തിക്കുന്നതിന് കേന്ദ്ര സഹായത്തോടെയുള്ള ത്വരിതഗ്രാമീണശുദ്ധജല വിതരണ പരിപാടിയിൽ ഉൾപ്പെട്ട കേരള ജല അതോറിറ്റിയുടെ ഒരു പദ്ധതിയുണ്ട്. ഈ പദ്ധതികൾക്ക് സ്റ്റേറ്റ് ലവൽ സാങ്ഷനിങ് കമ്മിറ്റിയാണ് അംഗീകാരം നൽകുന്നത്. പദ്ധതിയുടെ ചെലവ് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50:50 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. കൂടാതെ ജലനിധി പഞ്ചായത്തുകളിലെ (Govt/Aided) സ്കൂളുകൾ / അംഗൻവാടികൾക്ക് പദ്ധതിയുടെ നിയമാവലിക്ക് അനുസരണമായി പി.ടി.എ യുടെ പങ്കാളിത്ത |

| | | | |
|---|---|---|---|
| | | | ത്തോടുകൂടി ജലവിതരണം നൽകാനുള്ള സംവിധാനം ഉണ്ട്. ഇതുപ്രകാരം കുടിവെള്ള പദ്ധതിക്ക് പദ്ധതി ചെലവിന്റെ 75% സർക്കാരും 10% ഗ്രാമപഞ്ചായത്തും 15% സ്കീം ലെവൽ ഗ്രൂപ്പും വഹിക്കേണ്ടതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമീണ സ്കൂളുകളിലും അംഗൻവാടികളിലും കുടിവെള്ളം ലഭ്യമാക്കാനുള്ള എത്ര പദ്ധതികൾക്ക് അംഗീകാരം നൽകി; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 55 ഗ്രാമീണ സ്കൂളുകളിലും 424 അംഗൻവാടികളിലും കുടിവെള്ളം ലഭ്യമാക്കാനുള്ള കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി. ജലനിധിയുടെ 48 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | കുടിവെള്ള പദ്ധതികൾ ഇല്ലാത്ത എത്ര സ്കൂളുകൾ സംസ്ഥാനത്തുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | ജലവിഭവവകുപ്പ് പരിശോധിച്ചിട്ടില്ല. |
| (ഡി) | എത്ര സ്കൂളുകളുടെ കുടിവെള്ള പദ്ധതികൾക്കാണ് ഇനി അംഗീകാരം നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | അംഗീകാരത്തിനായുള്ള ഒരു പദ്ധതിയും ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 445 | 14..7..2008-ൽ മറുപടിയ്ക്ക്

**ഭക്ഷ്യസംസ്ക്കരണ വ്യവസായങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ. വി.ശശികുമാർ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.ബാബു എം.പാലിശ്ശേരി | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| (എ)ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങളുടെ പുരോഗതിയ്ക്കായി കിൻഫ്രയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുള്ള സൊസൈറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) കേരളത്തിലെ ഭക്ഷ്യസംസ്ക്കരണ വ്യവസായങ്ങളുടെ പ്രവർത്തനത്തിനും പുരോഗതിയ്ക്കും കൂടുതൽ ഊന്നൽ നൽകുവാൻ വേണ്ടി കിൻഫ്രയുടെ ആഭിമുഖ്യത്തിൽ അഡ്ഫിക്ക് എന്ന ഒരു സൊസൈറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത സൊസൈറ്റി യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയായിരുന്നു.<br>➢ ഭക്ഷ്യ സംസ്ക്കരണ മേഖലയുടെ വികസനത്തിനുവേണ്ടി പുതിയ നയങ്ങളും പദ്ധതികളും ഉണ്ടാക്കി നടപ്പിലാക്കുക<br>➢ വ്യവസായ സംരംഭകർക്ക് സാങ്കേതിക വിദ്യയും ധനസഹായവും നൽകാൻ വേണ്ടി ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുക<br>➢ ഭക്ഷ്യമേഖലയുടെ വികസനത്തിനു വേണ്ടി ഉന്നത നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക<br>➢ ഭക്ഷ്യമേഖലയിലെ വ്യവസായങ്ങൾക്കു വേണ്ടിയുള്ള സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുക.<br>➢ മാനവശേഷി വികസനത്തിന് പ്രാധാന്യം നൽകുക |

| | |
|---|---|
| | ➢ ഭക്ഷ്യസംസ്കരണ മേഖലയിലെ സംരംഭകരെ തെരഞ്ഞെടുക്കുന്നതിനും അവർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും നടപടി സ്വീകരിക്കുക.<br>➢ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഏജൻസികളുമായി പ്രവർത്തിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക.<br><br>ഈ സമിതി ഗവൺമെന്റ് പിരിച്ചുവിടുകയും കിൻഫ്രയുടെ ഭക്ഷ്യ വിഭാഗമായി മാറ്റുകയും ചെയ്തു. |
| (ബി) സൊസൈറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (ബി) ഭക്ഷ്യ വ്യവസായങ്ങളുടെ വികസനത്തിനു വേണ്ടി ഈ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മലപ്പുറത്ത് ഒരു ഫുഡ് ഇൻകുബേഷൻ സെന്ററും മലപ്പുറത്തെ കാക്കഞ്ചേരിയിലും എറണാകുളത്തെ മഴുവന്നൂരിലും ഒരു ക്വാളിറ്റി കൺട്രോൾ അനലറ്റിക്കൽ ലാബും സ്ഥാപിച്ചിട്ടുണ്ട്. വയനാട്ടിലെ ചെറുകിട വ്യവസായ പാർക്കിലും എറണാകുളം മഴുവന്നൂരിലെ ചെറുകിട വ്യവസായ പാർക്കിലും ശീതീകരണ ശാലയുടെ നടത്തിപ്പ് ഏകോപിപ്പിച്ചിരുന്നത് അഡ്ഫിക്ക് ആയിരുന്നു.<br><br>കേരളത്തിലെ ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ നോഡൽ ഏജൻസിയായിട്ടാണ് അഡ്ഫിക്ക് പ്രവർത്തിച്ചിരുന്നത്. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച 250 അപേക്ഷകൾ കേന്ദ്ര ഗവൺമെന്റിലേക്ക് ശുപാർശ ചെയ്തിരുന്നു. ഇതിൽ 127 അപേക്ഷകർക്ക് കേന്ദ്ര ഗ്രാന്റ് ലഭിക്കുകയും ചെയ്തു. |

| | |
|---|---|
| (സി) സൊസൈറ്റി രൂപീകരണത്തിനു ശേഷം ഭക്ഷ്യ സംസ്കരണ രംഗത്തേയ്ക്ക് കൂടുതൽ വ്യവസായികളെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (സി) പ്രസ്തുത സൊസൈറ്റിയുടെ രൂപീകരണത്തിനു ശേഷം സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ രംഗത്ത് കൂടുതൽ വ്യവസായങ്ങളെ ആകർഷിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. |
| (ഡി) ഭക്ഷ്യ സംസ്കരണ മേഖലയിൽ വ്യവസായം ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; പത്താം പദ്ധതിക്കാലത്ത് എത്ര കോടി രൂപയുടെ സഹായം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) ഭക്ഷ്യ സംസ്കരണ മേഖലയിൽ കേന്ദ്ര സർക്കാർ നൽകുന്ന സഹായങ്ങൾ താഴെ പറയുന്നവയാണ്.<br>➢ സ്കീം ഫോർ ടെക്നോളജി അപ്ഗ്രഡേഷൻ/എസ്റ്റാബ്ലിഷ്മെന്റ്/മോഡണൈസേഷൻ<br>➢ സ്കീം ഫോർ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്<br>➢ സ്കീം ഫോർ ക്വാളിറ്റി അഷ്വറൻസ്, പ്രൊഡക്ട് സ്റ്റാൻഡേർഡ് ആന്റ് ആർ ആന്റ് വി<br>➢ സ്കീം ഫോർ ബാക്ക്‌വേർഡ് ആൻറ് ഫോർവേർഡ് ഇന്റഗ്രേഷൻ ആന്റ് അതർ ആക്ടിവിറ്റീസ്<br>➢ സ്കീം ഫോർ പ്രൊമോഷണൽ ആക്ടിവിറ്റി<br>കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം 127 അപേക്ഷകൾക്ക് അംഗീകാരം നൽകുകയും ഏകദേശം 47.89 കോടി രൂപ വ്യവസായങ്ങൾക്ക് വേണ്ടി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

Rejesh
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 446 14/07/2008-ൽ മറുപടിയ്ക്ക്

## റീജിയണൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.പി.മുഹമ്മദ് | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റീജിയണൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; | | (എ)യും (ബി)യും<br>കേന്ദ്ര ധനസഹായത്തോടെ കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഒരു റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ബി) | എങ്കിൽ ഈ ഇൻസ്റ്റിറ്റ്യൂട്ട് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് ; | | |
| (സി) | ഇൻസ്റ്റിറ്റ്യൂട്ടിനായി എന്തു തുക ചെലവു വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ; | (സി) | ഏകദേശം 90 കോടി ചെലവു വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത് |
| (ഡി) | ഈ വർഷം ഇതിനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ? | (ഡി) | കേന്ദ്ര സർക്കാരിൽ നിന്നും ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ അനുമതി ലഭിച്ചാലുടനെ അനന്തര നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.447 | 14.07.2008 -ൽ മറുപടിയ്ക്ക് |
|---|---|

### വികലാംഗ കമ്മീഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ശക്തൻ:<br>ശ്രീ. അടൂർ പ്രകാശ്: | | ശ്രീമതി .പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച വികലാംഗ കമ്മീഷൻ പ്രവർത്തനക്ഷമമായിട്ടുണ്ടോ; | (എ) | പുതിയതായി വികലാംഗ കമ്മീഷൻ രൂപീകരിച്ചിട്ടില്ല. 09.06.1999 -ൽ നിലവിൽ വന്ന വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് ഇപ്പോഴും പ്രവർത്തനക്ഷമമാണ്. |
| (ബി) | കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (ബി) | സെക്രട്ടറിയേറ്റ് അനക്സിൽ പ്രവർത്തിക്കുന്ന കമ്മീഷണറേറ്റിൽ വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറെ കൂടാതെ താഴെ പറയുന്ന തസ്തികകൾ ഇപ്പോൾ നിലവിലുണ്ട്.<br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - 1<br>ഫൈനാൻസ് ഓഫീസർ 1<br>അണ്ടർ സെക്രട്ടറി - 1<br>യു.ഡി.ക്ലർക്ക് - 1<br>എൽ.ഡി. ടൈപ്പിസ്റ്റ് - 1<br>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 1<br>ഡ്രൈവർ - 1, പ്യൂൺ 1. |
| (സി) | വികലാംഗരുടെ ക്ഷേമം സംബന്ധിച്ച് കമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; | (സി) | താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.<br>1. വികലാംഗർക്കായുള്ള പെൻഷൻ തുക വർദ്ധിപ്പിക്കുക.<br>2. വികലാംഗർക്ക് പൊതു സ്ഥലങ്ങളിലും സർക്കാർ ഓഫീസുകളിലും സുഗമമായി സഞ്ചരിക്കാൻ ബാരിയർ ഫ്രീ എൻവയൺമെന്റ് സൃഷ്ടിക്കാൻ കെട്ടിട നിർമ്മാണ ചട്ടം ഭേദഗതി ചെയ്യുക..<br>3. മൈൽഡ് മെന്റലി റിട്ടാർഡഡ് (40% - 50%) വിഭാഗക്കാർക്ക് കൂടി ജോലി സംവരണം നല്കുന്നതിലേയ്ക്കായി നിലവിലുള്ള 3% സംവരണം 3.5% ശതമാനമാക്കി ഉയർത്തുന്നത് സംബന്ധിച്ച്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ഡി) | 1. 20.06.08 ലെ സ.ഉ.(എം.എസ്) നം.3[illegible]/08/സാക്ഷേവ പ്രകാരം വികലാംഗർക്കുള്ള പെൻഷൻ തുക പ്രതിമാസം 160/- രൂപയിൽ നിന്നും 200/- രൂപയായി ഉയർത്തിയിട്ടുണ്ട്.<br>2. വികലാംഗർക്ക് സ്വതന്ത്രമായി സഞ്ചരിക്കുവാൻ ബാരിയർ ഫ്രീ എൻവയൺമെന്റ് സൃഷ്ടിക്കുന്നത് സംബന്ധിച്ച് ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. മൈൽഡ് മെന്റലി റിട്ടാർഡഡ് വിഭാഗക്കാർക്ക് കൂടി ജോലി സംവരണം നല്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

Mary Melanie Nella

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 448 | 14/07/2008-ൽ മറുപടിയ്ക്ക് |
|---|---|

## ഔഷധ സസ്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസഫ് എം.പുതുശ്ശേരി<br>ശ്രീ.തോമസ് ചാഴികാടൻ | ശ്രീമതി പി.കെ ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ഉണ്ട്.

(ബി) എങ്കിൽ ഔഷധ സസ്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിനും, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഔഷധ സസ്യങ്ങളുടെ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനും സർക്കാർ കർമ്മപദ്ധതിക്കു രൂപം നൽകുമോയെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ വിവിധ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു.

(സി) ആയുർവ്വേദ മരുന്നുകൾക്ക് കൂടുതൽ ആവശ്യകത അനുഭവപ്പെടുന്നതു പരിഗണിച്ച്, ആയുർവ്വേദ സസ്യങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകാൻ അടിയന്തിര നടപടി സ്വീകരിയ്ക്കുമോ ?

(സി) ആയുർവ്വേദ ഔഷധ നിർമ്മാണ മേഖലയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതും അന്യം നിന്നുപോകുന്നതുമായ ഔഷധസസ്യങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനായി കർഷകർക്കും ഈ മേഖലയിലെ ഗവേഷണത്തിനായി വിവിധ ഗവേഷണ സ്ഥാപനങ്ങൾക്കും ദേശീയ-സംസ്ഥാന ഔഷധസസ്യ ബോർഡ് ധനസഹായം നൽകിവരുന്നു. കൂടാതെ വനം വകുപ്പ്, കേരള വനം ഗവേഷണ കേന്ദ്രം, അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, ടി.ബി.ജി.ആർ.ഐ. എന്നീ സ്ഥാപനങ്ങളും പരിപോഷണ പ്രോത്സാഹന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രമിട്ട ചോദ്യം നം :449      14.7. 2008 -ൽ മറുപടിക്ക്

### ചെറുകിട ജലസേചന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ടി ജലീൽ<br>ശ്രീ. എം. ഹംസ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.പി. വിശ്വൻ | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>പാടശേഖരങ്ങളിലും സമീപ പ്രദേശങ്ങളിലും ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്കുപുറമേ നിലവിലുള്ള ചെറുകിട ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾ, കേടുവന്ന ഭാഗങ്ങളുടെ പുനർനിർമ്മാണം, മടവീണ ഭാഗങ്ങളുടെ പുനഃരുദ്ധാരണം ചാലുകളുടെയും തോടുകളുടെയും ആഴം വർദ്ധിപ്പിക്കൽ, ബണ്ടുകളുടെ ബലപ്പെടുത്തൽ, കേടുവന്ന ഷട്ടറുകളുടെ നന്നാക്കൽ, കുളങ്ങളുടെ പുനഃരുദ്ധാരണം എന്നിവയ്ക്കു പുറമേ<br>ക്ലാസ്- I പദ്ധതികളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ മോട്ടോറുകൾ, പമ്പുകൾ, പമ്പു ഹൗസുകൾ, ചാനലുകൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾ, ചാനലുകളുടെ നീളംകൂട്ടൽ എന്നിവ സാമ്പത്തിക ലഭ്യതയനുസരിച്ച് ഒരോ വർഷവും ഏറ്റെടുത്ത് നടത്തിവരുന്നു. എന്നാൽ ക്ലാസ് പദ്ധതികൾ നിർമ്മാണത്തിനു ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയും അവയുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരികയുമാണ്. |
| ബി) ഏതെല്ലാം ചെറുകിട ജലസേചന പദ്ധതികളുടെ പണികളാണ് ഇപ്പോൾ നടക്കുന്നത്; | ബി) വി.സിബി, പാലത്തോടുകൂടിയ വി.സി.ബി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി., ഉപ്പുവെള്ള |

(തുടർച്ച)

പ്രതിരോധ ക്രോസ് ബാർ, തോടുകളുടെ പാർശ്വ ഭിത്തി സംരക്ഷണപണികൾ എന്നീ പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കി വരുന്നത്. എം.ഐ. ക്ലാസ് I, ക്ലാസ് II, നബാർഡ് ധനസഹായത്തോടെയുള്ള പദ്ധതികൾ, ചീഫ് എഞ്ചിനീയറുടെ സഞ്ചിത നിധിയിൽ നിന്നുള്ള സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി സംരക്ഷണ പണികൾ, സുനാമി പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട പണികൾ എന്നിവയാണ് ഇപ്പോൾ നടന്നു വരുന്ന പണികൾ.

സി) ചെറുകിട ജലസേചന പദ്ധതികൾക്കായി നബാർഡിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നും പരമാവധി സഹായം ലഭിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുമോ;

സി) നബാർഡിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നും ചെറുകിട ജലസേചന പദ്ധതികൾക്കായി പരാമവധി സഹായം ലഭിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്

ഡി) പുതുതായി ഏതെല്ലാം ചെറുകിട ജലസേചന പദ്ധതികൾക്കുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഡി) പുതുതായി നബാർഡിന്റെ ധനസഹായത്തോടുകൂടി R.I.D.F-14 ൽ ഉൾപ്പെടുത്തി എം.ഐ ക്ലാസ് I, ക്ലാസ് II പദ്ധതികളിൽപ്പെടുത്തി വി.സി.ബി പാലത്തോടുകൂടിയ വി.സി.ബി ചെക്ക് ഡാം എന്നിവയുടെ പ്രോജക്ട് റിപ്പോർട്ട് പുതുക്കിയ നിരക്ക് അനുസരിച്ച് തയ്യാറാക്കി വരുന്നു. കൂടാതെ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ എസ്റ്റിമേറ്റുകളും തയ്യാറാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ.450

14.7.2008ൽ
മറുപടിയ്ക്ക്

സാമൂഹ്യ സുരക്ഷാ മിഷൻ

ചോദ്യം

ഉത്തരം

ശ്രീ.വി.സുരേന്ദ്രൻ പിള്ള:
ശ്രീ.റ്റി.യു.കുരുവിള:

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാൻസർ ബാധിച്ച കുഞ്ഞുങ്ങൾക്ക് ധനസഹായം നൽകുന്നതിനായി സാമൂഹ്യ സുരക്ഷാ മിഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ക്യാൻസർ ബാധിച്ച കുഞ്ഞുങ്ങൾ ഉൾപ്പെടെ സമൂഹത്തിൽ സുരക്ഷയും സംരക്ഷണവും ആവശ്യമായ നിരാലംബർ, പാവപ്പെട്ടവർ, വയോജനങ്ങൾ, കുട്ടികൾ, സ്ത്രീകൾ, എന്നിവർക്കായി സാമൂഹ്യ സുരക്ഷാ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സാമൂഹ്യ സുരക്ഷാ മിഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത മിഷൻെറ പ്രവർത്തന രീതി വിശദമാക്കാമോ; | (ബി) | മിഷൻെറ പ്രവർത്തനരീതി തയ്യാറാക്കി വരുന്നു. |
| (സി) | കുറ്റകൃത്യങ്ങൾക്ക് ഇരയായവരെയും അവരുടെ കുടുംബങ്ങളെയും പുനരധിവസിപ്പിക്കാൻ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | കുറ്റകൃത്യങ്ങൾക്ക് ഇരയായവരെ പുനരധിവസിപ്പിക്കുന്നതിനും കുറ്റകൃത്യത്തിന് ഇരയായി മരണമടഞ്ഞവരുടെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുമുള്ള പദ്ധതി സാമൂഹ്യക്ഷേമ വകുപ്പിൽ നിലവിലുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ? | (ഡി) | ജി.ഒ(എം.എസ്)നം.33/2001/സാക്ഷേവ തീയതി.24-12-2001 എന്ന ഉത്തരവ് പ്രകാരം 2001-02ൽ ആരംഭിച്ച പദ്ധതിയാണ് 'വിക്ടിം റീഹാബിലിറ്റേഷൻ സ്കീം'. ഈ പദ്ധതി പ്രകാരം കുറ്റകൃത്യ ങ്ങൾക്കിരയായവർക്ക് ഇതുമായി ബന്ധപ്പെട്ട് ആവശ്യമായി വരുന്ന ചികിത്സ, വീടുകൾക്കുണ്ടായ നാശനഷ്ടങ്ങൾ, വിളനാശം എന്നിവയ്ക്ക് നഷ്ടപരിഹാര തുക ലഭിക്കുന്നതാണ്. വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള സംരംഭങ്ങൾക്കും ധനസഹായം അനുവദിക്കുന്നതാണ്. പീഢനത്തിനിരയായ പെൺകുട്ടികൾക്ക് ചികിത്സയും നഷ്ടപരിഹാരവും ലഭിക്കുന്നതാണ്. കൂടാതെ കുറ്റകൃത്യങ്ങൾക്കിരയായി മരണമടഞ്ഞവരുടെ മാതാപിതാക്കൾക്കോ, സഹോദരങ്ങൾക്കോ, മക്കൾക്കോ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ബാങ്ക് ലിങ്കേജ് വഴി ധനസഹായം ലഭ്യമാക്കുന്നതാണ്. കുറ്റകൃത്യങ്ങൾക്കിരയായി മരണമടഞ്ഞവരുടെ കുട്ടികളുടെ 12-ാം സ്റ്റാൻേറർഡ്(+2) വരെയുള്ള |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസത്തിനുള്ള ചെലവ് മുഴുവൻ ഗവൺമെൻറ് വഹിക്കുന്നതാണ്. എസ്.സി/എസ്.റ്റി/ഒ.ബി.സി വിദ്യാർത്ഥികൾക്ക് ഗവൺമെൻറ് ഹോസ്റ്റലിൽ പ്രവേശനം ലഭ്യമാക്കുന്നതാണ്. മറ്റുള്ളവർക്ക് ജെ.ജെ.ഹോമുകളിൽ പ്രവേശനം നൽകുന്നതാണ്.<br>ചികിത്സ കേന്ദ്ര/സംസ്ഥാന ഗവൺമെൻറ് ഹോസ്പിറ്റലുകളിലായിരിക്കണം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ചികിത്സയ്ക്കുള്ള നഷ്ടപരിഹാര തുക നിശ്ചയിക്കുന്നത്. വീടുകൾക്കുള്ള നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാര തുക നിശ്ചയിക്കുന്നത് തഹസിൽദാരുടെ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിലാണ്. അഗ്രികൾച്ചർ ഓഫീസറിൻെറ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ വിളകൾക്കുള്ള നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നു.<br>മേൽപറഞ്ഞ ആവശ്യങ്ങൾക്ക് പരമാവധി അനുവദിക്കുന്ന ധനസഹായത്തുക 10,000 രൂപയാണ്. വാഹനാപകട കേസ്സുകളിൽ ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതല്ല. കുടുംബത്തിൻെറ വാർഷിക വരുമാനം 24,000/-രൂപയിൽ കൂടാൻ പാടില്ല. ഇതിനായി വില്ലേജ് ഓഫീസറിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.<br>ഇതിനുള്ള അപേക്ഷകൾ മെയ്, ജൂൺ മാസങ്ങളിൽ ജില്ലാ പ്രൊബേഷൻ ഓഫീസുകളിൽ സ്വീകരിക്കുന്നതാണ്. ജില്ലാ പ്രൊബേഷൻ ഓഫീസർമാർ അപേക്ഷയുടെ നിജസ്ഥിതി സംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.<br>കമ്മിറ്റിയുടെ ശുപാർശ പ്രകാരം പരമാവധി 10,000 രൂപവരെ സാമ്പത്തിക സഹായം അനുവദിച്ച് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ